നം.കെ.എസ്.എ-കെ.ടി.എം.പി11/6/2017
തീയതി:21.01.2017

# കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 1.4.15 മുതൽ 31.3.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 31.12.2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.12.16 മുതൽ 31.12.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ പി. ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി ശ്രീലത ആർ.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഉണ്ണിക്കൃഷ്ണൻ സി., സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ.ആൽബിൻ സിറിയക്ക്, ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഗിരിജാ തുളസീധരൻ<br>ശ്രീ.ഇ.ആർ.സുനിൽകുമാർ | 1.4.15 മുതൽ 11.11.15 വരെ<br>12.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ.പി.വി.മാത്യു<br>ശ്രീ.എം.കെ.ബാബു<br>(സെക്രട്ടറി ഇൻ ചാർജ്ജ്)<br>ശ്രീ.അഗസ്റ്റിൻ കെ. ജോർജ്ജ് | 1.04.15 മുതൽ 30.11.15 വരെ<br>1.12.15 മുതൽ 3.1.16 വരെ<br>4.1.16മുതൽ 31.3.16 വരെ |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി എലിസബത്ത് മാത്യു | 1.04.15 മുതൽ 31.3.16 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി ബിന്ദു രാജ് | 1.04.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.സജിമോൻ<br>ഡോ.ആൻ ടിന സാം | 1.04.15മുതൽ 30.11.16 വരെ<br>1.12.16മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ-<br>ഹോമിയോ | ഡോ.ഗീതാ മാത്യു | 1.04.15മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ-<br>ആയുർവേദം | ഡോ.രാജശേഖരൻ | 1.04.15മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ശരവണേശ്വർ എൽ.ആർ. | 1.04.15മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീമതി സന്ധമകുമാരി റ്റി.എസ്. | 1.04.15മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സുമ സി.എസ്.<br>ശ്രീമതി റഷീദ | 1.04.15 മുതൽ 7.1.15 വരെ<br>8.1.15 മുതൽ 31.3.16 വരെ |
| ഡി.ഇ.ഒ | ശ്രീമതി സി.ആർ.ശാരദ | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി സൂസമ്മ കുര്യൻ | 1.04.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.ജി.കൃഷ്ണൻകുട്ടി<br>ശ്രീമതി സെറീന അബ്ദുൾ അസീസ്<br>ശ്രീമതി അനിത എസ്.<br>ശ്രീ.എം.കെ.ബാബു | 1.4.15 മുതൽ 31.5.15 വരെ<br>3.6.15 മുതൽ 18.8.15 വരെ<br>19.8.15 മുതൽ 6.10.15 വരെ<br>7.10.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |

| | |
|---|---|
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷികകണക്കുകളുടെ പരിശോധനയും അവലോകനവും |
| 2-2-1 | വിമുക്തഭടൻമാരുടെ വസ്തുനികുതി-നികുതി ഒഴിവാക്കിയവരുടെ വിവരങ്ങൾ പൂർണ്ണമല്ല |
| 2-2-2 | വസ്തുനികുതി-ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ പുതിയതായി ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ അടിസ്ഥാനവസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തില്ല |
| 2-2-3 | വസ്തുനികുതി നിർണ്ണയത്തിലെ അപാകം |
| 2-2-4 | വാണിജ്യാവശ്യങ്ങൾക്കായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളെ വിഭജിച്ച് നികുതി ചുമത്തിയപ്പോൾ കുറഞ്ഞ നിരക്ക് ചുമത്തി |
| 2-2-5 | വസ്തുനികുതി നിർണ്ണയിക്കാത്ത കെട്ടിടത്തിൽ ബാങ്കിന്റെ എ.റ്റി.എം പ്രവർത്തിക്കുന്നു |
| 2-2-6 | സഞ്ചയ സോഫ്റ്റ്‌വെയറിലെ പിഴവുകൾ പരിഹരിക്കേണ്ടതാണ് |
| 2-2-7 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -വിവരങ്ങൾ പൂർണ്ണമല്ല |
| 2-2-8 | കോട്ടയം കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയെ നികുതി ചുമത്തിയില്ല |
| 2-2-9 | ആരാധനാലയങ്ങളുടെ പേരിൽ നിരവധി കെട്ടിടങ്ങൾക്ക് വസ്തുനികുതിയിളവ് |
| 2-3-1 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| 2-3-2 | വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിട ഉടമകളിൽ നിന്ന് മുറികൾ കൈവശം വച്ചിരിക്കുന്നവരെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കാത്തത് തൊഴിൽ നികുതി ചോർച്ചക്കിടയാക്കുന്നു |
| 2-3-3 | വാണിജ്യബാങ്കിന്റെ ശാഖയ്ക്ക് സ്ഥാപന തൊഴിൽനികുതി ചുമത്തിയില്ല |
| 2-3-4 | എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല |
| 2-4 | ലേലം |

| | |
|---|---|
| 2-5 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ- നടപടികൾ സ്വീകരിക്കേണ്ടതാണ് |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | ചെലവുകൾ സുതാര്യമല്ല |
| 3-2 | മതിയായ വിവരങ്ങൾ ഇല്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-3 | അതുല്യം പദ്ധതി-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-4 | വോട്ടർപട്ടികയുടെ പ്രിന്റിംഗ്-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല |
| 3-5 | തെരുവ് വിളക്കുകളുടെ എ.എം.സി-ടെണ്ടർ ക്ഷണിക്കാതെ മുൻവർഷ കരാറുകാരന് നൽകി-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6 | 2013-14ൽ സ്പിൽ ഓവറായി തുടർന്ന പ്രവർത്തിക്ക് 2015-16 ൽ ചെലവ്-നടപടി ക്രമങ്ങൾ സുതാര്യമല്ല |
| 3-7 | സ്ട്രീറ്റ്ലൈറ്റുകളുടെ വൈദ്യുതിചാർജ്- കെ.എസ്.ഇ.ബി അയഥാർത്ഥമായ കണക്കുകൾ പ്രകാരം തുക ഈടാക്കുന്നു |
| 3-8 | ആവശ്യാധിഷ്ഠിതമല്ലാത്ത വാങ്ങൽ – ജലനിധി(KRWSA) |
| 3-9 | ലാപ്പ്ടോപ്പ് വാങ്ങൽ-ടെണ്ടർ പ്രകാരം ഓഫർ ചെയ്യപ്പെട്ട ഉപകരണങ്ങൾ ലഭ്യമായില്ല |
| 3-10 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കൺസൾട്ടൻസിയെ നിയമിച്ചില്ല-വാങ്ങലുകളിലെ അപാകതകൾ |
| 3-10-1 | പ്രോജക്ട് നം.254/16 ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം, സിസി ടി.വി. സ്ഥാപിക്കൽ |
| 3-10-2 | പ്രോജക്ട് അധികരിച്ച് തുക ചെലവഴിച്ചു |
| 3-10-3 | എൽ.ഇ.ഡി. പ്രോജക്റ്റർ-വൈറ്റ് ബോർഡ്/സ്ക്രീൻ വാങ്ങിയില്ല – ഉപയോഗരഹിതം |
| 3-10-4 | ഡിജിറ്റൽ പോഡിയം-പ്രോജക്ടിൽ അധികരിച്ച് തുക ചെലവഴിച്ചു |
| 3-11 | ആശ്രയ-ചികിത്സ സഹായമിനത്തിൽ ലഭിച്ച 40,000 രൂപ ചെലവഴിച്ചിട്ടില്ല |
| 3-12 | അനർഹർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കി |
| 3-13 | ഇ.എം.എസ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല |
| 3-14 | വിൻഡോ പരസ്യം - പരസ്യത്തിന്റെ വലുപ്പം നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പാലിച്ചില്ല |
| 3-15 | കോസ്റ്റ് ഇൻഡക്സ് അധികം നല്കി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 3-16 | കാലി ബാരലുകളുടെ തുക ഈടാക്കിയില്ല-തുക തിരികെയീടാക്കേണ്ടതാണ് |
| 3-17 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും |

| | |
|---|---|
| | പാലിച്ചിട്ടില്ല |
| 3-18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 3-20 | ആശ്രയ |
| 3-21 | ജലനിധി |
| 3-22 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ തീരുമാനം നം- I പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് -ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1,19,64,590 | 4,04,59,199 |
| വരവ് | 12,31,33,211 | 8,28,71,024 |
| ആകെ | 13,50,97,801 | 12,33,30,223 |
| ചെലവ് | 12,99,16,845 | 9,84,72,842 |
| നീക്കിയിരിപ്പ് | 51,80,956 | 2,48,57,381 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 30.07.2016 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിന്റെ ഖ.നം-2.1 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,04,59,199 |
| വരവ് | 8,28,71,024 |
| ആകെ | 12,33,30,223 |
| ചെലവ് | 9,84,72,842 |
| നീക്കിയിരിപ്പ് | 2,48,57,381 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13,71,536 | 3,58,112 | 1,20,57,502 | 1,37,87,150 | 1,37,87,150 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 45,44,374 | 29,74,716 | | 75,19,090 | 29,99,716 | 45,19,374 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 16,70,076 | 61,840 | | 17,31,913 | 1,61,840 | 15,70,076 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 29,97,074 | 45,79,887 | 5,47,307 | 75,76,961 | 75,76,961 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5,72,502 | 20,12,355 | 0 | 31,32,164 | 25,84,857 | 5,47,307 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 34,61,231 | 1,08,37,956 | 0 | 1,42,99,187 | 83,35,371 | 59,63,816 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1,800 | 0 | 0 | 0 | 0 | 1,800 | 0 |

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 547307 രൂപ സംരക്ഷണ ഗ്രാന്റ് (റോഡ്) ചെലവുകൾക്കായി ഉപയോഗിച്ചു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ആകെ ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം (ശതമാനം) |
|---|---|---|---|---|---|---|
| 260 | 7,46,78,222 | 175 | 56 | 4,37,44,947 | 29 | 67 |

പദ്ധതിയവലോകനം-ഉത്പാദന മേഖലയിൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ ശ്രദ്ധേയമായ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടിൽ പല പിഴവുകളും സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന പരാമർശങ്ങൾ ഈ റിപ്പോർട്ടിന്റെ ഭാഗം-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5.4% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 75,63,782 | 68,68,225 | -(6,95,557) | -9.2 |
| നികുതിയേതര വരവുകൾ | 7,22,095 | 9,09,077 | 1,86,982 | 25.90 |
| മറ്റുവരവുകൾ | 1,49,719 | 2,06,432 | 56,713 | 37.90 |
| ആകെ | 84,35,596 | 79,83,734 | -(4,51,862) | -5.40 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 1,11,960 | 104 |
| കർഷകതൊഴിലാളി പെൻഷൻ | 74,07,330 | 941 |
| വിധവാപെൻഷൻ | 94,22,520 | 965 |
| വാർദ്ധക്യകാലപെൻഷൻ | 91,96,590 | 1775 |
| വികലാംഗപെൻഷൻ | 28,12,700 | 290 |
| അൻപത് വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,41,520 | 52 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.12.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയിരുന്നു. 59044 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം വിവിധ സെക്ഷനുകളുടെ ജോലി നിർണ്ണയിച്ച് ഉത്തരവാദിത്തപ്പെടുത്തിയിട്ടുണ്ട്. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നു. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചുവരുന്നു. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസിൽ തിരക്ക് ഒഴിവാക്കുന്നതിന് 2015-16 പദ്ധതി പ്രകാരം ഏർപ്പെടുത്തിയ ടോക്കൺ സിസ്റ്റം പ്രവർത്തിപ്പിക്കുന്നില്ല. ഫ്രണ്ട് ഓഫീസിലെ ടെലിവിഷനും പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

വിവിധ വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിമുക്തഭടൻമാർക്ക് ഓഡിറ്റ് വർഷം നൽകിയ നികുതിയിളവ് സംബന്ധിക്കുന്ന ശരിയായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2016 | 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.11.2007 | 1997-98 മുതൽ 2007-08 വരെ | എൽ.ബി.എ(എച്ച്.ക്യൂ) 71/8A-1325/204 dated 26.04.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ പരിശോധനയും അവലോകനവും

വാർഷിക ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1) തടി ലേലം നടത്തുമ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ഒടുക്കുന്നതിന് വാങ്ങിയ FDT 2,284 രൂപ നിർദ്ദിഷ്ട ഹെഡ്ഡിലേക്ക് ഒടുക്കുവാനവശേഷിക്കുന്നു.

നിലവിൽ ടി ഹെഡ്ഡിൽ 1995 രൂപ മാത്രമാണുള്ളത്.

2) 3 പാർട്ട് ബില്ലുകൾ അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി നൽകിയിട്ടുണ്ടെങ്കിലും വാർഷികകണക്കുകളിലെ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് B-11(a) എന്ന ഷെഡ്യൂളിൽ ഉൾപ്പെടും വിധം അക്കൗണ്ട് ചെയ്തില്ല

3) ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് പ്രോനം.273/16 പ്രകാരം 60,000 രൂപ കുഴിക്കാട്ട് കോളനി മിനി വാട്ടർ പമ്പിംഗ് സ്കീം പമ്പ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് നൽകിയെങ്കിലും ഇത് B-18 പട്ടികയിലെ ഇംപ്ലിമെന്റിംഗ് ഏജൻസിക്കുള്ള അഡ്വാൻസിൽ ഉൾപ്പെടുന്നില്ല.

4) ഇയർ മാർക്ക്ഡ് ഫണ്ടായ ദുരിതാശ്വാസനിധിയും ടി നിധിയുടെ പാസ്സ് ബുക്കും തമ്മിൽ 1500 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

5) B-8 പട്ടികയിലുൾപ്പെട്ട ഡെപ്പോസിറ്റ് വർക്കിനാ(മറ്റ് സ്ഥാപനങ്ങൾ പഞ്ചായത്തിനെ ഏൽപ്പിക്കുന്നത്)യുള്ള 1599 രൂപ എന്താണെന്ന് പഞ്ചായത്തിലെ രേഖകൾ പ്രകാരം വ്യക്തമല്ല

6) ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസ് കുടിശ്ശികയായി കാണിച്ചിരിക്കുന്ന 76,970 രൂപയുടെ കൃത്യത വിശദീകരിക്കപ്പെട്ടില്ല.

7) രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി/ട്രേഡേഴ്സ് തൊഴിൽ നികുതി എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. സഞ്ചയയിലെ നികുതിപരിഷ്കരണം പൂർത്തിയാക്കാത്തതിനാൽ വസ്തുനികുതിയുടെ ഡിമാൻഡിന്റെ കൃത്യതയും പരിശോധിക്കാനായിട്ടില്ല.

8) വാടക നിക്ഷേപം -340200101 എന്ന ഹെഡ് പ്രകാരം 1,00,000 രൂപ ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് എടുത്തവരിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും ആരിൽ നിന്നെല്ലാമാണ് ടി നിക്ഷേപങ്ങൾ സ്വീകരിച്ചത് എന്നുള്ളതിന്റെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

9) 350300108 എന്ന ഹെഡ് പ്രകാരം ബാധ്യതയായി തുടരുന്ന 10,000 രൂപ എന്ത് ആവശ്യത്തിന് സ്വീകരിച്ചതാണെന്നും ആരുടെ പേർക്ക് ഒടുക്കാനുള്ളതാണെന്നും വിശദീകരിക്കപ്പെട്ടില്ല.

10) 350300199 എന്ന ഹെഡ് പ്രകാരം ബാധ്യതയായി തുടരുന്ന 53,215 രൂപ എന്ത് ആവശ്യത്തിന് സ്വീകരിച്ചതാണെന്നും ആരുടെ പേർക്ക് ഒടുക്കാനുള്ളതാണെന്നും വിശദീകരിക്കപ്പെട്ടില്ല.

11) 340800101 എന്ന ഹെഡ്ഡ് പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റായി വിവിധ സ്ഥാനാർത്ഥികളിൽ നിന്ന് സ്വീകരിച്ച 42,000 രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

12) 350410102 എന്ന ഹെഡ്ഡിൽ അവശേഷിക്കുന്ന Refunds Payable -Others ₹58,970 എന്താണെന്ന് വിശദീകരിക്കപ്പെട്ടില്ല.

13) വിവിധ വാർഡുകളിലെ സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പ്രോജക്റ്റ് പ്രകാരം (217/16) 84491 രൂപ ചെലവുണ്ട്. പ്രവൃത്തിക്കുശേഷം വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വാർഷിക കണക്കുകളിൽ 21.11.2013 ൽ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 12,700 രൂപ മാത്രമാണ് ഉൾപ്പെടുന്നത്.

14) ഓഡിറ്റ് റിക്കവറിയായി 11,313 രൂപ വരവ് വന്നിട്ടുണ്ടെങ്കിലും രജിസ്റ്ററിന്റെ അഭാവത്തിൽ ടി തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

15) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ ചട്ടം-62 (2)(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി "അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ" തയ്യാറാക്കി വാർഷിക ധനകാര്യപത്രികകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ചട്ടം-62(2)(എഫ്) പ്രകാരം സാമ്പത്തിക അനുപാതങ്ങൾ എ.എഫ്.എസ്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

16) 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി ഉത്തരവിലെ നിർദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തുന്ന നടപടി നാളിതുവരെയും പൂർത്തീകരിച്ചില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 2-2-1 വിമുക്തഭടൻമാരുടെ വസ്തുനികുതി-നികുതി ഒഴിവാക്കിയവരുടെ വിവരങ്ങൾ പൂർണ്ണമല്ല

വിമുക്തഭടൻമാരോ വിമുക്തഭടൻമാരുടെ വിധവകളോ താമസത്തിനുപയോഗിക്കുന്ന വീടുകളുടെ വസ്തുനികുതി ചില നിബന്ധനകൾക്ക് വിധേയമായി ഒഴിവാക്കിയിട്ടുണ്ട്.(സർക്കാർ ഉത്തരവ് (എം.എസ്സ്.)നം-242/2013/തസ്വഭവ/തീ 2.7.2013) ഇത് പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ, പനച്ചിക്കാട് പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 9.3.16 ലെ തീരുമാനം-2 പ്രകാരം 21 അപേക്ഷകരുടെയും 22.5.16 ലെ തീരുമാനം-3 പ്രകാരം 89 അപേക്ഷകരുടെയും വസ്തുനികുതി ഒഴിവാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വിമുക്തഭടൻമാരുടെ വാസഗൃഹങ്ങളെന്ന നിലയിൽ ഒഴിവാക്കപ്പെട്ട 56 കെട്ടിടങ്ങളും വിമുക്തഭടൻമാരുടെ വിധവകളുടെ പേരിൽ 2 കെട്ടിടങ്ങളും മാത്രമാണുൾപ്പെടുന്നത്. അപേക്ഷകൾ പരിഗണിച്ച് കൃത്യമായ തീരുമാനമെടുത്ത് ഇളവ് അനുവദിക്കപ്പെടുന്ന അപേക്ഷകരുടെ നികുതി സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കാത്തതും അനർഹരെ യഥാസമയം അപേക്ഷനിരസിച്ച വിവരം അറിയിച്ച് നികുതി ഡിമാൻഡ് ചെയ്യാത്തതും എ.എഫ്.എസ് പ്രകാരമുള്ള വസ്തുനികുതി ഡിമാൻഡ് തെറ്റായി ഉയർന്ന സംഖ്യയായി കാണിക്കുന്നതിനിടയാക്കുന്നു. കൂടാതെ നികുതിയിളവിന് അർഹരല്ലാത്തവർ നികുതി ചുമത്തപ്പെടാതെയും പോകുന്ന സാഹചര്യമുണ്ടാകുന്നു. ഡിമാൻഡ് കൃത്യമാക്കുന്നതിനും വസ്തുനികുതിയിളവിന് അർഹതയില്ലാത്ത വിമുക്തഭടൻമാരിൽ നിന്നും/വിമുക്തഭടൻമാരുടെ വിധവകളിൽ നിന്നും വസ്തുനികുതി ചുമത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2-2 വസ്തുനികുതി-ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ പുതിയതായി ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ അടിസ്ഥാനവസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/ തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ പഞ്ചായത്ത് ഭരണസമിതി മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് തീരുമാനിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ മേൽ ഭേദഗതി ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം പഞ്ചായത്ത് നടത്തേണ്ടതും നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-2-3 വസ്തുനികുതി നിർണ്ണയത്തിലെ അപാകം

2015-16 വർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ താഴെ പറയും പ്രകാരം അപാകതൾ ഉണ്ട്.

1) ജയമോൻ, തോപ്പിൽ, ചാന്നാനിക്കാട് എന്നയാളുടെ പേരിൽ നിലവിലുള്ള 65.23 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തിനോട് ചേർന്ന് പണികഴിപ്പിച്ച മുറി, സിറ്റ്ഔട്ട്, കട മുറി എന്നിവ നികുതി നിർണ്ണയിച്ചപ്പോൾ (7/130A,പ്ലാൻ പ്രകാരം കടമുറി-10.14 ച.മീ, മുറി+ സിറ്റ് ഔട്ട്-15.28 ച.മീ) കടമുറിയെ മാത്രമാണ് നികുതി നിർണ്ണയിച്ചത്.(നികുതി-335,സേ.ഉ.നി-34) 15.28 ച.മീ നികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-18/31.12.16)

2) സോണി ചെറിയാൻ, ബിന്ദു ബേബി, മുരിക്കോലിപ്പുഴ എന്നയാളുടെ പേരിൽ A13236/12-13 തീ.6/9/12 കെട്ടിട നിർമ്മാണ പെർമ്മിറ്റ് പ്രകാരം പണികഴിപ്പിച്ച് 19/9/15 ലെ പൂർത്തീകരണപത്ര പ്രകാരം 9.10.15 ന് നികുതി നിർണ്ണയിച്ച പുതിയ കെട്ടിടത്തിന് 10 മുതൽ 25 വർഷം വരെയുള്ള കാലപ്പഴക്കം നൽകിയത് നികുതി 10% കുറക്കുന്നതിനിടയാക്കി. കെട്ടിടത്തിന് 19/387 എന്ന പഴയ നമ്പരാണ് നൽകിയത്. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-18/31.12.16)മറുപടി ലഭ്യമാക്കിയില്ല.

3) സി.ഡി.തോമസ്, ചാക്കാലയിൽ, കൊല്ലാട് എന്നയാളുടെ പേരിൽ 22/153 A ആയി നികുതി ചുമത്തിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്(16.38 ച.മീ) 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 20% വർദ്ധനവ് വരുത്താത്തത് നികുതി നഷ്ടത്തിനിടയാക്കി.(നികുതി-541 ഉപനികുതി-55)

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-4 വാണിജ്യാവശ്യങ്ങൾക്കായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളെ വിഭജിച്ച് നികുതി ചുമത്തിയപ്പോൾ കുറഞ്ഞ നിരക്ക് ചുമത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരേ സമയം നികുതി നിർണ്ണയിച്ച, വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന ആകെ 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി നികുതി നിർണ്ണയിച്ച് 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 30 രൂപയാണ് ചുമത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 /തസ്വഭവ, അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും 100 ച.മീറ്ററിലധികമുള്ളതുമായ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുള്ളതാണ്. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതും, നൂറ് ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് (30 രൂപ) ചുമത്തിയതും പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കി. നികുതി നിർണ്ണയിച്ചതിന്റെയും നിർണ്ണയിക്കേണ്ടതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്, വിലാസം | കെട്ടിട നം/തറ വിസ്തൃതി | ചുമത്തിയ വസ്തുനികുതി @30/sq.m | ചുമത്തിയ സേവന ഉപനികുതി | ആകെ തറ വിസ്തീർണ്ണം (ച.മീ) | ചുമത്തേണ്ട വസ്തുനികുതി @50/sq.m | ചുമത്തേണ്ട സേവന ഉപനികുതി | കുറവ് |
|---|---|---|---|---|---|---|---|
| ഐപ്പ് തോമസ്, ഈഴവൻകാട്, പൂവൻതുരുത്ത് | 21/173 A-73.18 ച.മീ | 2195.4+വർദ്ധനവ് റോഡ്(20%) 439.08=2635 | 738 | 146.36 | 7318+റോഡ് (വർദ്ധനവ് 20%) 1464=8782 | 2459 | വസ്തുനികുതി 3512 സേവന ഉപനികുതി |

| | | | | | | | |
|---|---|---|---|---|---|---|---|
| | 21/173<br>B-73.18<br>ച.മീ | 2195.4+വർദ്ധനവ്<br>റോഡ്(20%)<br>439.08=2635 | 738 | | | | 983 |
| ഒ.പി.ദിവാകരൻ, കൃഷ്ണകൃപ, പനച്ചിക്കാട് | 8/17<br>B-51.68<br>ച.മീ | 1550.4+വർദ്ധനവ്<br>റോഡ്<br>310.08=1861 | 522 | 113.16 | 5658+വർദ്ധനവ് (റോഡ്) 1131.6 = 6790 | 1583 | വസ്തുനികുതി 2715 സേവന ഉപനികുതി 441 |
| | 8/17<br>C-30.74<br>ച.മീ | 922.2+വർദ്ധനവ്<br>റോഡ്<br>184.44=1107 | 310 | | | | |
| | 8/17<br>D-30.74<br>ച.മീ | 922.2+വർദ്ധനവ്<br>റോഡ്<br>184.44=1107 | 310 | | | | |
| അമ്മാൾ സണ്ണി, സിജോ കെ.സണ്ണി, കുറ്റിക്കൽ, കുഴിമറ്റം | 15/386<br>A-184.82<br>ച.മീ<br>@50/sq.m | 9241+റോഡ് 20% വർദ്ധനവ് 1848.2= 11090 | 3106 | 200.02 | 10001+റോഡ് വർദ്ധനവ് 2001=12002 | 3361 | വസ്തുനികുതി 364 സേവന ഉപനികുതി 101 |
| | 15/386<br>B-15.2ച.മീ | 456+വർദ്ധനവ് റോഡ് 91.2= 548 | 154 | | | | |

നികുതി പുനനിർണ്ണയിക്കേണ്ടതും കുറവ് വന്ന തുക 8116(വസ്തുനികുതി-6591+സേവന ഉപനികുതി-1525)രൂപ കെട്ടിട ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതുമാണ്.

## 2-2-5 വസ്തുനികുതി നിർണ്ണയിക്കാത്ത കെട്ടിടത്തിൽ ബാങ്കിന്റെ എ.റ്റി.എം പ്രവർത്തിക്കുന്നു

ST. GITS COLLEGE OF ENGINEERING, PATHAMUTTOM എന്ന സ്ഥാപനത്തിന്റെ കാമ്പസിൽ സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ടി ബാങ്കിന്റെ വെബ്സൈറ്റായ www.southindianbank.com ൽ വിവരം ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനം 2014 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചതാണ്. എന്നാൽ ബാങ്ക് എ.റ്റി.എം കൗണ്ടറായി ഉപയോഗിക്കുന്ന 19 ച.മീറ്റർ ഭാഗം നികുതി നിർണ്ണയിച്ചില്ലാത്തതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു. (നം- 5/28.12.16).ടി കെട്ടിടത്തിനെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി ചുമത്തി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-6 സഞ്ചയ സോഫ്റ്റ്‌വെയറിലെ പിഴവുകൾ പരിഹരിക്കേണ്ടതാണ്

വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിർണ്ണയിച്ചത് പരിശോധിച്ചപ്പോൾ സേവന ഉപനികുതി ചുമത്തപ്പെടാതെ പോകുന്നതായും പത്ത് ശതമാനം സർച്ചാർജ് അധികമായി ചുമത്തപ്പെട്ടതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ (നം-12/31.12.16) വസ്തുനികുതിക്ക് ആദ്യം സേവനഉപനികുതി ഉൾപ്പെടുത്തിയിരുന്നില്ലായെന്നും പകരം 10 ശതമാനം സർച്ചാർജ്ജായിരുന്നു ഉൾപ്പെടുത്തിയതെന്നും പിന്നീട് സേവന ഉപനികുതി ചുമത്തുന്നതിന്

തീരുമാനിക്കുകയായിരുന്നുവെന്നും മറുപടി ലഭ്യമാക്കി. പിന്നീട് വന്ന മാറ്റം സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിന് ഐ.കെ.എമ്മിന് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. സോഫ്റ്റ്‌വെയർ ശരിയായ നികുതി നിർണ്ണയത്തിന് സജ്ജമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-2-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി -വിവരങ്ങൾ പൂർണ്ണമല്ല

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി ച.മീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്കരിക്കുന്നതിന് 29.10.11 ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ സഞ്ചയ റവന്യൂഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം 19/275 A എന്ന മൊബൈൽ ടവർ ഇതരവ്യവസായങ്ങൾക്കുള്ള ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിച്ചതായി കാണുന്നു. ഇതരവ്യവസായങ്ങൾക്കുള്ള 50 രൂപ നിരക്കിലാണ് ടി ടവറിന്റെ 10.98 ച.മീറ്റർ വസ്തുനികുതി ചുമത്തിയിരിക്കുന്നത്. മൊബൈൽ ടവറായി വസ്തുനികുതി നിർണ്ണയിച്ച 4 നിർമ്മിതികളുടെ വസ്തുനികുതി മാത്രമാണ് സഞ്ചയ റവന്യൂഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് പൂർണ്ണമല്ല. സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടവറുകളെയും നികുതി ചുമത്തി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-8 കോട്ടയം കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയെ നികുതി ചുമത്തിയില്ല

സഞ്ചയ റവന്യൂഡേറ്റാ ബേസ് പരിശോധിച്ചതിൽ കോട്ടയം കോട്ടയം കോപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി ലിമിറ്റഡ്, മൂലവട്ടം (K348) എന്ന സ്ഥാപനത്തെ മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി ഉപയോഗക്രമത്തിന്റെ നികുതി പഞ്ചായത്ത് തീരുമാനിച്ചിട്ടില്ലാത്തതാണ്. നിലവിൽ നികുതി ചുമത്തപ്പെടാതെയാണ് ടി സ്ഥാപനത്തിന്റെ 69 ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. (കെട്ടിട നം-1/192) അപാകം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2-9 ആരാധനാലയങ്ങളുടെ പേരിൽ നിരവധി കെട്ടിടങ്ങൾക്ക് വസ്തുനികുതിയിളവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ള കെട്ടിടങ്ങളെയും മതപാഠശാലകളേയും മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ റവന്യൂ മോഡ്യൂൾ പരിശോധിച്ചതിൽ ആരാധനാലയങ്ങൾ എന്ന് രേഖപ്പെടുത്തി അനുബന്ധകെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം-പേര്-ഉപയോഗക്രമം |
|---|---|
| 1 | 19/10- പള്ളിഹാൾ 363.2 ച.മീ |
| 2 | 7/86 – പള്ളിമേട-150 ച.മീ |
| 3 | 10/347-വെള്ളുത്തുരുത്തി ഭഗവതി ദേവസ്വം -300 ച.മീ |

ഗുണഭോക്താക്കളിൽ നിന്ന് വാടക ഈടാക്കി സേവനം വിട്ടു നൽകുന്ന, ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ, പള്ളി/ക്ഷേത്രം ഓഫീസുകൾ, പള്ളിമേടകൾ സമുദായ സംഘടനകളുടെ കെട്ടിടങ്ങൾ, ഹാളുകൾ എന്നിവയ്ക്ക് പഞ്ചായത്ത് വസ്തുനികുതി ചുമത്തേണ്ടതാണ്. ആരാധനാലയങ്ങളായി രേഖപ്പെടുത്തി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഇനവും ഉപയോഗക്രമവും പരിശോധിച്ച് നികുതി ചുമത്തപ്പെടേണ്ടവയാണെങ്കിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3-1 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2015-16 വർഷത്തെ തൊഴിൽ നികുതി പത്രികകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു

| ക്രമ നം | സ്ഥാപനം | ഈടാക്കാനവശേഷിക്കുന്ന അർദ്ധ വർഷം |
|---|---|---|
| 1 | ഏഷ്യൻ പെയിന്റ്സ്, ചാന്നാനിക്കാട് | 2ാം അർദ്ധ വർഷം |
| 2 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പരുത്തുംപാറ | 1 അർദ്ധവർഷം |
| 3 | പനച്ചിക്കാട് പഞ്ചായത്ത് എസ്.സി ആന്റ് എസ്.ടി വികസന സഹകരണ സംഘം | 1,2 അർദ്ധവർഷങ്ങൾ |

കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും പഞ്ചായത്തിൽ നിന്നും 2015-16 സാമ്പത്തിക വർഷം ഡി ആൻഡ് ഒ ട്രേഡ് -ലൈസൻസ് ലഭിച്ചിട്ടുള്ളതുമായ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പഞ്ചായത്തിന്റെ പക്കൽ ഉണ്ടായിരുന്നിട്ടും ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ നികുതി ഈടാക്കിയില്ല. (ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങളിൽ ജോലിക്കു നിയമിക്കപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമായിരുന്നു.) സ്ഥാപനങ്ങളുടെ പേരും ശമ്പളത്തിന് നിയമിക്കപ്പെട്ട ജീവനക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ബെസ്റ്റ് പ്ളൈ വീനേഴ്സ് | 11 |
| 2 | ഫൈൻ പ്ളൈ വീനേഴ്സ്, പാത്താമുട്ടം | 8 |
| 3 | കാർമൽ വുഡ് പ്രോഡക്ട്സ് പാത്താമുട്ടം | 16 |
| 4 | സിയോൺ ഇൻഡസ്ട്രീസ്, കുഴിമറ്റം | 9 |
| 5 | വിശേഷ് ആയുർവേദ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 9 |
| 6 | മൗണ്ട് സാഹിയ പ്രൈവറ്റ് ലിമിറ്റഡ്, കല്ലു കടവ് | 20 |
| 7 | അലിന്ത് അലുമിനിയം ട്രേഡേഴ്സ്, പന്നിമറ്റം | 6 |
| 8 | കിഴക്കേതിൽ സ്റ്റീൽ റോളിംഗ് മില്ല്, | 14 |
| 9 | അഗ്രി കെയർ, കണിയാൻമല | 10 |
| 10 | നാനോ ടെക് പ്രിന്റിംഗ് ഇംക്സ് | 9 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

ബി) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ടാറ്റ എം.കെ മോട്ടോഴ്സ് എന്ന സ്ഥാപനത്തിലെ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതിൽ കുറവ് കാണുന്നു. (രസീത് നം:500016 തിയതി 09.09.15, രസീത് നം:9500007 തിയതി 29.02.16.)

| ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | വരുമാനം (അപേക്ഷ പ്രകാരം) | അടക്കേണ്ട തൊഴിൽ നികുതി | അടച്ച തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| ജയപ്രകാശ് ഭാസ്കരൻ നായർ | 2 | 71900 | 600 | 450 | 150 |

| | | | | | |
|---|---|---|---|---|---|
| ജോ വർഗ്ഗീസ് | 2 | 49250 | 450 | 300 | 150 |
| ഡെന്നീസ് സേവ്യർ | 2 | 94250 | 750 | 450 | 300 |
| മാത്യൂ ഫിലിപ്പ് | 1 | 61110 | 600 | 450 | 150 |
| ആകെ | | | | | 750 |

കുറവ് വന്ന തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

സി) തൊഴിൽ നികുതി - ക്ഷീര വികസന സംഘങ്ങളെ ഒഴിവാക്കി

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിലെ ചില ക്ഷീര വികസന സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

K.V.C.S4167D പനച്ചിക്കാട്

K.V.C.S 285D പാത്താമുട്ടം

K.V.C.S 259D കൊല്ലാട്

K.V.C.S 37D ചാന്നാനിക്കാട്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ക്ഷീര വികസന സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഡി) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പനച്ചിക്കാട് പഞ്ചായത്ത് എസ്.സി ആന്റ് എസ്.ടി വികസന സഹകരണ സംഘം |
| 2 | ഗ്രൂപ്പ് മുക്കാടൻ c/o ഏഷ്യൻ പെയിന്റ്സ് |
| 3 | ആഗസ്ഥൻ ഹെർബൽസ് |
| 4 | സൂപ്പർ മാർക്കറ്റ്, പരുത്തുംപാറ |
| 5 | സെന്റ് തോമസ് ടിംബർ വർക്സ് പരുത്തുംപാറ |

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3-2 വാണിജ്യാവശ്യത്തിനുനികുതി നിർണ്ണയിച്ച കെട്ടിട ഉടമകളിൽ നിന്ന് മുറികൾ കൈവശം വച്ചിരിക്കുന്നവരെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കാത്തത് തൊഴിൽ നികുതി ചോർച്ചക്കിടയാക്കുന്നു

വാണിജ്യാവശ്യത്തിനായോ, ലോഡ്ജിങ്ങിനായോ, ഹോസ്റ്റലിനായോ നികുതി നിർണ്ണയിക്കുന്ന എല്ലാ കെട്ടിട ഉടമകളോടും അല്ലെങ്കിൽ കൈവശക്കാരനോടും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി അനുശാസിക്കും പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര്, അവരുടെ തൊഴിൽ, കല, ബിസിനസ് കൈവശം വച്ചിരിക്കുന്നയാൾ കൊടുക്കുന്ന വാടക (ഉണ്ടെങ്കിൽ), കൈവശം വക്കുന്ന കാലം എന്നിവ ഉൾക്കൊള്ളുന്നതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഉപയോഗ ക്രമം തിരിച്ച് കെട്ടിട ഉടമകളുടെ വിവരം വസ്തുനികുതി പ്രോപ്പർട്ടിടാക്സ് മോഡ്യൂൾ സഞ്ചയയിൽ ലഭ്യമാണ്. എന്നാൽ ഇപ്രകാരമൊരു വിവരശേഖരണം പഞ്ചായത്ത് നടത്തുന്നില്ലാത്തത് നഗരസ്വഭാവമുള്ള പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെയും അതിലെ ജീവനക്കാരുടെയും തൊഴിൽ നികുതി നഷ്ടപ്പെടുന്നതിനിടയാക്കുന്നു. തൊഴിൽ നികുതിയിൽ നിന്നും രക്ഷപെടുന്ന ഇത്തരം സ്ഥാപനങ്ങളെയും അതിലെ ജീവനക്കാരെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് വാണിജ്യാവശ്യത്തിനായി, ലോഡ്ജിനായി നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിട ഉടമകളോടും കേ.പ.രാ.നിയമം- 205 ബി പ്രകാരമുള്ള ലിസ്റ്റ് ആവശ്യപ്പെടേണ്ടതും ടി വിവരങ്ങൾ തനത് വരുമാന വർദ്ധനവിനുതകും വിധം ഉപയോഗിക്കേണ്ടതുമാണ്.

## 2-3-3 വാണിജ്യബാങ്കിന്റെ ശാഖയ്ക്ക് സ്ഥാപന തൊഴിൽ നികുതി ചുമത്തിയില്ല

ST. GITS COLLEGE OF ENGINEERING, PATHAMUTTOM എന്ന സ്ഥാപനത്തിന്റെ കാമ്പസിൽ സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ഒരു എക്സ്റ്റൻഷൻ ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ടി ബാങ്കിന്റെ വെബ്സൈറ്റായ www.southindianbank.com ൽ വിവരം ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനം 2014 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചതാണ്. ബാങ്കിന്റെ വിലാസം താഴെ പറയും പ്രകാരമാണ്.

WARD NO.XIII, MAR GREGORIOS EDUCATIONAL SOCIETY BUILDING, PATHAMUTTOM ROAD, KOTTUKULAM HILLS, PATHAMUTTOM P.O., KOTTAYAM, KERALA-686532.ടി സ്ഥാപനം ചിങ്ങവനം ശാഖയുടെ എക്സ്റ്റൻഷൻ ബ്രാഞ്ചാണെന്നും ജീവനക്കാർ കോട്ടയം മുനിസിപ്പാലിറ്റിയിൽ തൊഴിൽ നികുതിയൊടുക്കുന്നവരാണെന്നും സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു. എന്നാൽ ടി പഞ്ചായത്ത് പരിധിയിൽ നടത്തുന്ന ബിസിനസ്സിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി 2014 രണ്ടാം പാദം മുതൽ ഡിമാൻഡ് ചെയ്തീടാക്കേണ്ടതാണ്.

## 2-3-4 തൊഴിൽ നികുതി ഡിമാൻഡ് ചെയ്യപ്പെടാത്ത സ്ഥാപനങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (i) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളും ജീവനക്കാരും പഞ്ചായത്തിന്റെ തൊഴിൽ നികുതി പിരിവിലുൾപ്പെടുന്നില്ല.

1.ആത്രേയ ആയുർവേദഫാർമസ്യൂട്ടിക്കൽസ്

2.ഡി.സി പ്രസ്സ് പൂവൻതുരുത്ത്

3.മലങ്കര വുഡ് ലിമിറ്റഡ്, ചാന്നാനിക്കാട്

4.മന്നം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം എൽ.പി.എസ്., കുഴിമറ്റം

5.പനച്ചിക്കാട് പഞ്ചായത്ത് എസ്.സി/എസ്.റ്റി ഡെവലപ്പ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി

6.അഗ്രോ ബയോ ടെക് റിസർച്ച് പ്രൈവറ്റ് ലിമിറ്റഡ്

7.വേമ്പനാട് കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ്

8.കോട്ടയം കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സോസൈറ്റി

ടി സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ലേലം

1) സ്കൂളിന്റെ സമീപത്ത് അപകടകരമായ രീതിയിൽ നിൽക്കുന്ന മരം വെട്ടിമാറ്റുന്നത്

ചാന്നാനിക്കാട് ഗവ.എൽ.പി.എസിലെ മൂന്ന് മാവുകൾക്കും ഒരു പെരുമരത്തിനും കൂടി ആകെ 35,499 രൂപ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കോട്ടയം വാല്യൂവേഷൻ നൽകിയിരുന്നു. 01.06.15 ൽ ലേലം നടന്നുവെങ്കിലും വാല്യൂവേഷൻ തുകയ്ക്കോ അതിൽ കൂടിയ വിലയ്ക്കോ ലേലം വിളിയ്ക്കുവാൻ ആരും തയ്യാറാകാത്തതിനാൽ പുനർലേലത്തിന് ശുപാർശ ചെയ്യുകയും, 12.6.15 ലെ പുനർലേലത്തിൽ നാസ്സർ, സുമയ്യ മൻസിൽ, കായംകുളം എന്നയാൾ 35600 രൂപയ്ക്ക് ലേലം കൊണ്ടിരുന്നുവെങ്കിലും ലേലത്തുകയും, 14.5% വാറ്റും, FDT തുകയും ഉൾപ്പെടെ ആകെ 42800 രൂപ അടയ്ക്കേണ്ടതിൽ 23000 രൂപ മാത്രമേ ടിയാൾ ഒടുക്കിയിട്ടുള്ളൂ.(രസീത് നം. 11501101485/12.6.15). ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടിയാൾ മരം വെട്ടിയിട്ടില്ല എന്നും, 11 KV ലൈൻ മരത്തിന്റെ സമീപത്തുകൂടി പോകുന്നതിനാൽ മരം വെട്ടണമെങ്കിൽ ലേലത്തുകയേക്കാൾ കൂടുതൽ തുക ചെലവഴിയ്ക്കേണ്ടി വരുമെന്നതിനാൽ അതിന് തയ്യാറല്ല എന്നുമാണ് മറുപടി ലഭിച്ചത്. സ്കൂളിന്റെ സമീപത്ത്

നിൽക്കുന്ന വൻമരമായതിനാൽ ഭാവിയിലുണ്ടാകുന്ന അപകട സാധ്യത കണക്കിലെടുത്ത് ലേലം കൊണ്ടയാളുടെ നഷ്ടോത്തരവാദിത്തത്തിൽ മരം വെട്ടിയ്ക്കേണ്ടതാണ്.

2) FDT ഒടുക്കിയില്ല.

വെള്ളുത്തുരുത്തി ഗവ.യുപി.എസിലെ ഒരു തേക്കിനും രണ്ട് അക്കേഷ്യാ മരങ്ങൾക്കും വാല്യുവേഷൻ(57,600 രൂപ) ഇട്ടിരുന്നുവെങ്കിലും പുനർലേലത്തിൽ 39,711 രൂപ വാല്യുവേഷൻ ഇട്ടിരുന്ന തേക്കുമരം മാത്രം 39,900 രൂപയ്ക്ക് ശ്യാംകുമാർ എന്നയാൾ ലേലം കൊണ്ടു. ലേലത്തുക 39,900 രൂപയും, 14.5% വാറ്റും(5786 രൂപ), 5% FDT(2,284 രൂപ) തുകയും ഉൾപ്പെടെ ആകെ 47,970 രൂപ അടയ്ക്കേണ്ടതിൽ ടിയാൾ 48,681 രൂപ അടച്ചിട്ടുണ്ട്. വാറ്റും, FDTയും സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. ഇതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് VAT തുക ഒടുക്കിയിട്ടുണ്ടെന്നും എന്നാൽ FDT സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ലെന്നുമാണ് മറുപടി ലഭിച്ചത്. ആയതിനാൽ 2,284 സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

## 2-5 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ- നടപടികൾ സ്വീകരിക്കേണ്ടതാണ്

കേന്ദ്ര സർക്കാരിന്റെ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം സ്വീകരിക്കേണ്ട നടപടികളും പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും തദ്ദേശ സ്വയം ഭരണ വകുപ്പ് 24.9.2016 ലെ 576/ഡി.സി1/16 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ച് സുസ്ഥിരമാലിന്യ പരിപാലന നടപടികൾ ശക്തിപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവുകൾ സുതാര്യമല്ല

ഓഡിറ്റ് വർഷം റിഫ്രഷ്മെന്റ് ഇനത്തിൽ തുക ചെലവഴിച്ചത് ഗൗരവതരമായ പരിശോധന ഇല്ലാതെയാണെന്ന് ബോധ്യപ്പെട്ടു. ഒരേ ചെലവ് രണ്ട് തീയതികളിൽ ആവർത്തിച്ചത് ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണം- 7.12.15 തീയതിയിലെയും 11.12.15 തീയതിയിലെയും ലൈറ്റ് റിഫ്രഷ്മെന്റിന് യഥാക്രമം 300 രൂപയും 350 രൂപയും ചെക്ക് നം- 10855 തീ.10.4.15 പ്രകാരം നൽകി. എന്നാൽ ടി തീയതികളിലെ റിഫ്രഷ്മെന്റ് ചാർജ് ഇനത്തിൽ 31.7.15 ൽ ചെക്ക് നം-8484 ചെക്ക് പ്രകാരം വീണ്ടും തുക നൽകി. അത് പോലെ തന്നെ 7/15 ൽ 13 ദിവസങ്ങളിലായി 29 തവണ ഭക്ഷണം വാങ്ങിയ സാഹചര്യവും നിലനിൽക്കുന്നു. ഭക്ഷണ ചെലവിന്റെ വൗച്ചറുകൾ ശരിയായ പരിശോധന നടത്തിയും സുതാര്യമായും നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 മതിയായ വിവരങ്ങൾ ഇല്ല-ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പ്രതിപാദിക്കും പ്രകാരം മതിയായ വൗച്ചറുകളും TR-61 ൽ മതിയായ രേഖപ്പെടുത്തലുകളും ഇല്ലാതെയുള്ള ചുവടെ ചേർക്കുന്ന ചെലവുകൾ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | തീയതി | വൗച്ചർ നം | തുക | ചെലവിനം | തടസ്സ കാരണം |
|---|---|---|---|---|---|
| 1 | 10.4.15 | 21500039 | 21,000 | വ്യക്തമല്ല | TR-61 ൽ വിശദീകരണമില്ല |
| 2 | 13.4.15 | 21500041 | 14,000 | HVO(ഇലക്ഷൻ)മാരുടെ പഞ്ചായത്ത് വിഹിതം 500 രൂപ വീതം | തുക കൈപ്പറ്റിയതിന്റെ രേഖയില്ല |
| 3 | 6.7.15 | 21500274 | 4,977 | ഇലക്ട്രിക്ക് സാധനങ്ങൾ വാങ്ങിയതിന് | സാധനം സ്റ്റോക്കിൽ ചേർത്തില്ല, എന്ത് |

| | | | | | |
|---|---|---|---|---|---|
| | | | | പടനിലത്ത് സാനിട്ടറി കുരിശും മൂടിന് നൽകിയ തുക | ആവശ്യത്തിനാണെന്ന് വ്യക്തമല്ല, ഉപയോഗിച്ചതിന്റെ രേഖകളില്ല |
| 4 | 22.5.15 | P.O No 52500150 | 16,000 | വിവിധ പഞ്ചായത്തുകൾക്ക് ഫെസ്റ്റിവൽ അഡ്വാൻസ് റിക്കവറി ഇനത്തിൽ അയച്ച തുക-<br>പുതുപ്പള്ളി-8000<br>അയർക്കുന്നം-4000<br>പെരുമ്പടപ്പ്-4000 | കൈപ്പറ്റ് രസീതില്ല |
| ആകെ | | | 55,977 | | |

## 3-3 അതുല്യം പദ്ധതി-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോ.നം-257/16

പ്രോജക്ടിന്റെ പേര്- അതുല്യം – പ്രാഥമിക വിദ്യാഭ്യാസ പരിപാടി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 160065
ചെലവ് – 106039

1.ചെലവിലെ അപാകം

അതുല്യം പദ്ധതി പഠിതാക്കൾക്ക് 2015 ജനവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെ ഭക്ഷണചെലവിനത്തിൽ 15600 രൂപ വൗച്ചർ നം-21500246/29.7.15 ചെക്ക് നം- 8546/29-7-15 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ചെലവിനെ പിന്താങ്ങുന്നതിനായി ബില്ലിനൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകൾ യഥാർത്ഥമല്ല. പ്രൈസ് ബേക്കറി, പരുത്തുംപറ എന്ന സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ് പേപ്പറിൽ ബിൽ എന്ന തലക്കെട്ടെഴുതി ഹാജരാക്കിയ രേഖകളുടെ നിജ സ്ഥിതി അറിയുന്നതിന് ബേക്കറി ഉടമയെ നേരിൽ കേട്ടതിൽ ടി ബില്ല് തന്റെ സ്ഥാപനം നൽകിയതല്ലെന്ന് രേഖാമൂലം അറിയിക്കുകയുണ്ടായി. മാത്രമല്ല തുക കൈപ്പറ്റിയ ഷീബ വർഗ്ഗീസ്, അസിസ്റ്റന്റ് പ്രേരകിനെ നേരിൽ കേട്ടതിൽ ബില്ല് ടിയാരി സ്വന്തം നിലയിൽ സൃഷ്ടിച്ചതാണെന്ന് വാക്കാൽ സമ്മതിച്ചു. ടി സാഹചര്യത്തിൽ ചെലവിന്റെ നിജസ്ഥിതി പഞ്ചായത്ത് ഭരണ സമിതി അന്വേഷിക്കുകയും വിവരം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

2.അനർഹമായി ടി.എ വാങ്ങി

അതുല്യം സമ്പൂർണ്ണ സാക്ഷരത നാലാം ക്ലാസ്സ് തുല്യത പരിപാടിയുടെ കോ-ഓർഡിനേറ്റർ 3/15,4/15,5/15 എന്നീ മാസങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്തതിന് താഴെ പ്രതിപാദിക്കും പ്രകാരം യാത്രപ്പടി വാങ്ങിയിട്ടുണ്ട്.

ഷീല വർഗ്ഗീസ്-3X1500 = 4500

ആഷ് ലി ബാബു-3X1500 = 4500

മഞ്ജുഷ ഡേവിഡ്-3X500 = 1500

സജിനി- 3X500 = 1500

---------------------------------------

ആകെ 12,000

വൗച്ചർ നം- 21500251/30.6.15

ചെക്ക് നം- 8458/30.6.15
ചെലവ് 24000 (പ്രതിമാസം ഓണറേറിയം 12000, യാത്രാപ്പടി 12000)

സർക്കാർ ഉത്തരവ് (സാധാ)3548/2014/പൊ.വി/തീ.4.9.14 പ്രതിമാസം പ്രകാരം 100 രൂപയാണ് പ്രേരക് മാർക്ക് യാത്രാബത്തയായി അർഹതയുള്ളത്. അതുല്യം പദ്ധതിയുടെ കോ-ഓർഡിനേറ്റർക്ക് പ്രതിമാസം 1000 രൂപ പദ്ധതി നിർവ്വഹണ വേളയിൽ ഓണറേറിയം അനുവദിയ്ക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ എല്ലാ നിയമങ്ങളും ലംഘിച്ച് യഥേഷ്ടം യാത്രാപ്പടി കൈപ്പറ്റിയിരിക്കുന്ന സ്ഥിതിയാണ് നിലവിൽ. ഭാവിയിൽ പദ്ധതി നിർവ്വഹണം അധിക ചെലവ് സംഭവിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-4 വോട്ടർപട്ടികയുടെ പ്രിന്റിംഗ്-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല

തദ്ദേശസ്വയംഭരണ സ്ഥാനങ്ങളിലേക്കുള്ള തെരെഞ്ഞെടുപ്പിന്റെ ഭാഗമായി പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 23 വാർഡുകളുടെ വോട്ടർപട്ടികയുടെ 50 പകർപ്പുകൾ എടുത്തതിന് ജിയോ ഗ്രാഫിക് സിസ്റ്റം ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന് 30.11.2015 ലെ ചെക്ക് നം-19753 പ്രകാരം 44.350 രൂപ നൽകി. (വൗച്ചർ നം-21500759/30.11.15) എന്നാൽ വൗച്ചറിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല

2) ഒരു പേജിന് (പേപ്പർ സഹിതം) എത്ര രൂപക്കാണ് ടി ജോലി ചെയ്തത് എന്നുള്ള വിവരം ലഭ്യമല്ല

പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയ നടപടിക്ക് ഉത്തരവാദിയായ സെക്രട്ടറി ശ്രീ.പി.വി.മാത്യുവിന്റെ മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം-1/26.12.16) മറുപടിലഭ്യമാക്കിയില്ല. വോട്ടർ പട്ടിക പരിശോധിച്ചത് പ്രകാരം ഒരു പേജിന് 1 രൂപ നിരക്കിലാണ് ചെലവ് ചെയ്തത് എന്ന് കാണുന്നു. സമീപ പഞ്ചായത്തുകളിൽ സമാന പ്രവർത്തി ക്വട്ടേഷൻ ക്ഷണിച്ച് നടത്തിയപ്പോൾ ഒരു പേജിന് 60 പൈസ വരെയുള്ള ചെലവാണുണ്ടായിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 44,350 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവ് വിളക്കുകളുടെ എ.എം.സി-ടെണ്ടർ ക്ഷണിക്കാതെ മുൻവർഷ കരാറുകാരന് നൽകി-ചെലവ് തടസ്സപ്പെടുത്തുന്നു

അടങ്കൽ – 9,98,000 (തനതുഫണ്ട്)
34/15 ആയി 2014-15 വർഷം 4,99,000 രൂപ അടങ്കൽ (തനത് ഫണ്ട്)വകയിരുത്തലുണ്ടായിരുന്ന പ്രോജക്ടിന് 2014-15 വർഷം ചെലവുണ്ടായിരുന്നില്ല. ടി പ്രോജക്ട് 2015-16 വർഷം സ്പിൽ ഓവറായി തുടരുകയും (നം-247/16) 2014-15 ലെ കരാറുകാരനായ ശ്രീ.വിനോദ് ടി.കെ., തടത്തിൽ വീട് പനച്ചിക്കാട് എന്നയാൾക്ക് രണ്ട് പ്രാവശ്യമായി പണം നൽകുകയും ചെയ്തു. തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

19/08/2015- payment to contractor-468162 (വൗച്ചർ-515 )

VAT-19922

IT-9961

Total-498045

31.03.2016-payment to contractor-469060 (വൗച്ചർ- 51501419)

VAT-19960

IT-9980

Total-499000 (സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായിട്ടുള്ള ചെലവ് കണക്ക് പ്രകാരം ടി പ്രോജക്ടിന്റെ ആകെ ചെലവ് 4,68,162 രൂപയാണ്.)

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2014-15 ൽ ചെയ്തത് എന്ന് ഫയലിൽ രേഖപ്പെടുത്തിയ ടെണ്ടർ നടപടികളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) സ്പിൽ ഓവറായി തുടർന്ന പ്രോജക്ടിന്റെ അടങ്കൽ ഇരട്ടിയാക്കി മുൻവർഷ കരാറുകാരനെ തന്നെ പ്രവർത്തി ഏൽപ്പിച്ചു.

3) സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നത് തന്നെ മുൻവർഷം പേയ്മെന്റ് നൽകുന്നതിന് അവശേഷിക്കുന്ന തുകകൾ നൽകുവാനാണ്. എന്നാൽ 2015-16ലെ തെരുവ് വിളക്കുകളുടെ പരിപാലനവും മെയിന്റനൻസും കൂടി അടങ്കൽ തുക ഇരട്ടിയാക്കി ടി കരാറുകാരന് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-7/28.12.16) മറുപടി ലഭ്യമാക്കിയില്ല. 2015-16 വ്രഷം ടെണ്ടർ ക്ഷണിക്കാതെ തെരുവ് വിളക്കുകളുടെ എ.എം.സി ഇനത്തിൽ ചെലവഴിച്ച 4,99,000 രൂപ തടസ്സപ്പെടുത്തുന്നു. സുലേഖ കണക്കുകളിൽ ചെലവ് ചെയ്ത തുക 9,97,045ന് പകരം 4,68,162 എന്നാണ് നൽകിയിരിക്കുന്നത്. വ്യത്യാസത്തിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.

## 3-6 2013-14ൽ സ്പിൽ ഓവറായി തുടർന്ന പ്രവർത്തിക്ക് 2015-16 ൽ ചെലവ്-നടപടി ക്രമങ്ങൾ സുതാര്യമല്ല

പ്രോജക്ട് നം- 248/16 (സ്പിൽ ഓവർ നം-74/15)പ്രകാരം 22 വാർഡുകളിൽ 535 സിഎഫ്എൽ വിളക്കുകൾ സ്ഥാപിച്ചതിന് 106 രൂപ നിരക്കിൽ 8.10.13 ലെ കരാർ പ്രകാരം 56,710 രൂപ ശ്രീ.വിനോദ് ടി.കെ. യ്ക്ക് നൽകി (ചെക്ക് നം-8463/4.7.15). ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് 2013-14 വർഷം ജോലിക്കായി വിനോദ് ടി.കെ. യെ നിയോഗിച്ചതെന്ന്, സമിതിയുടെ 16.06.2015 ലെ 7(2) തീരുമാനത്തിന് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ സെക്രട്ടറിയുടെ തീരുമാനം മറികടന്ന് തുക നൽകുകയായിരുന്നു. 2013-14 വർഷം 74/14 ആയി നടപ്പിലാക്കിയ പ്രോജക്ട് (അടങ്കൽ-1,00,000 ചെലവ്- 21,600) സ്പിൽ ഓവറായി 2014-15ൽ തുടർന്നിരുന്നെങ്കിലും (നം-73/15) 2014-15ൽ ചെലവുണ്ടായിരുന്നില്ല. 2013-14 വർഷം നടത്തിയ പ്രോജക്ടിന് 2015-16 ജൂലൈയിൽ മാത്രം തുക നൽകിയതിന്റെ കാരണം വ്യക്തമല്ല. 2013-14 ൽ നടത്തിയ 21,600 രൂപ ചെലവിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

തെരുവ് വിളക്കുകളുടെ എ.എം.സി നൽകുമ്പോൾ ഓരോ ഇനം തെരുവ് വിളക്കിനും ഉണ്ടാകുന്ന ചെലവിന്റെ എസ്റ്റിമേറ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കുന്നില്ല. സാമഗ്രികൾ പർച്ചേസ് ചെയ്യുന്നത് പോലെ ടെണ്ടറർ സമർപ്പിക്കുന്ന തുകകൾ സ്വീകരിക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല. കൂടാതെ മാറ്റി സ്ഥാപിക്കപ്പെടുന്ന സാമഗ്രികൾ എന്ത് ചെയ്യുന്നുവെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും സുതാര്യമായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതിചാർജ്- കെ.എസ്.ഇ.ബി അയഥാർത്ഥമായ കണക്കുകൾ പ്രകാരം തുക ഈടാക്കുന്നു

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ്ലൈറ്റുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് 87,802 രൂപയാണ്. (കൺസ്യൂമർ നം-2300) കെ.എസ്.ഇ.ബിയിൽ നിന്നും ടി തുക ഈടാക്കുന്നതിന് അടിസ്ഥാനമാക്കുന്ന വൈദ്യുതി വിളക്കുകളുടെ തരം തിരിച്ചുള്ള കണക്ക് (സാധാരണ ബൾബ്, ഫ്ലൂറസെന്റ് ട്യൂബ്.സി.എഫ്.എൽ. എൽ.ഇ.ഡി) 22.01.2016 ൽ ലഭ്യമാക്കിയത് പ്രകാരം 162 സാധാരണ ബൾബുകൾ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ കണക്കും അതിനുള്ള നിരക്കുമാണ്. കഴിഞ്ഞ കാല പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച വൈദ്യുതി വിളക്കുകളെല്ലാം തന്നെ എൽ.ഇ.ഡി, സി.എഫ്.എൽ വിളക്കുകളാണെന്നിരിക്കെ 162 സാധാരണ

ബൾബുകൾ ഗ്രാമപഞ്ചായത്ത് പരിധിയിലിപ്പോഴും പ്രവർത്തിച്ചവരുന്നുവെന്നത് യഥാർത്ഥമല്ലാത്ത കണക്കാണ്. ഊർജ്ജകാര്യക്ഷമത കൂടിയ സി.എഫ്.എൽ/എൽ.ഇ.ഡി വിളക്കുകൾക്ക് കെ.എസ്.ഇ.ബി ഈടാക്കുന്ന വൈദ്യുതനിരക്ക് കുറവാണ്. എന്നാൽ കൃത്യമല്ലാത്ത കണക്കുകളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി വൈദ്യുതിചാർജ്ജ് ഈടാക്കുന്നത്. പഞ്ചായത്ത് വൈദ്യുതവിളക്കുകളുടെ മീറ്ററിംഗിന് സ്വീകരിച്ച നടപടികൾ നാളിതുവരെ പൂർത്തിയായിട്ടില്ല. തെറ്റായ കണക്കുകളിൽ ഉയർന്ന വൈദ്യുതി ബിൽ തുക നൽകുന്നത് പഞ്ചായത്തിന് ഭൂഷണമല്ല. കെ.എസ്.ഇ.ബി ലിമിറ്റഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വഴിവിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതും സമീപഭാവിയിൽ തന്നെ തെരുവ് വിളക്കുകളിൽ മീറ്ററുകൾ ഘടിപ്പിക്കുന്ന പ്രവൃത്തി പൂർണ്ണതയിൽ എത്തിക്കേണ്ടതുമാണ്.

## 3-8 ആവശ്യാധിഷ്ഠിതമല്ലാത്ത വാങ്ങൽ - ജലനിധി (KRWSA)

ഗ്രാമപഞ്ചായത്ത് സപ്പോർട്ട് പ്രോഗ്രാമിന്റെ ഭാഗമായി 04.12.2014 ൽ 29,890 രൂപ മുടക്കി ടെലിവിഷനും സ്റ്റെബിലൈസറും ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ടി.വി. പ്രവർത്തിപ്പിക്കുന്നതായി കാണുന്നില്ല. ഇതിനൊപ്പം 2015-16 പദ്ധതിയുടെ ഭാഗമായി (പ്രോ.പേര്-പഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടൽ നം- 23/16) ഇലക്ട്രോണിക്ക് ഡിസ്പ്ലേ ബോർഡ് വാങ്ങൽ എന്ന നിലയിൽ 46,000 രൂപ ചെലവിൽ (ചെക്ക് നം.19749 തീയതി 30.11.15) വൗച്ചർ നം.21500761/30.11.15). ഫിലിപ്സ് 42" ടി.വി. ക്വട്ടേഷൻ പ്രകാരം വാങ്ങി ഫ്രണ്ട് ഓഫീസിന്റെ മറ്റൊരു വശത്ത് സ്ഥാപിച്ചു. 3.10.2015 ലെ v(5) തീരുമാന പ്രകാരമാണ് ഫിലിപ്സ് 42" ടിവി വാങ്ങി സ്ഥാപിച്ചിരിക്കുന്നത്. ലാർജ് ഫോർമാറ്റ് ഡിസ്പ്ലേ/ഇലക്ട്രോണിക്ക് ഡിസ്പ്ലേ ബോർഡ് എന്ന പ്രോജക്ടിൽ പേരുണ്ടെങ്കിലും ഫിലിപ്പ്സ് ടെലിവിഷനാണ് വാങ്ങി സ്ഥാപിച്ചിരിക്കുന്നത്. നിലവിൽ രണ്ട് ടെലിവിഷനുകളും പ്രവർത്തിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ നിലവിൽ ടെലിവിഷൻ ഉള്ളപ്പോൾ വീണ്ടും ടെലിവിഷൻ വാങ്ങി ഫ്രണ്ട്ഓഫീസിൽ തന്നെ സ്ഥാപിച്ചത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി വിലയിരുത്തുന്നു. (ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കൺസൾട്ടൻസിയെ നിയോഗിക്കുകയോ പുറത്തുനിന്നുള്ള കൺസൾട്ടൻസി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിക്കുന്ന നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.) കമ്മിറ്റിയുടെ തീരുമാനത്തിന് സെക്രട്ടറി വിയോജിച്ചതായി രേഖപ്പെടുത്തലുകളില്ല. ഫ്രണ്ട് ഓഫീസിൽ നിലവിൽ ടി.വി. ഉണ്ടെന്നിരിക്കെ അനാവശ്യമായി 46,000 രൂപ ചെലവഴിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലക്ക് സെക്രട്ടറി ശ്രീ. പി.വി.മാത്യുവിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-9/28.12.16) മറുപടി ലഭ്യമാക്കിയില്ല. 46,000 രൂപ ശ്രീ.പി.വി.മാത്യുവിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-9 ലാപ്പ്ടോപ്പ് വാങ്ങൽ-ടെണ്ടർ പ്രകാരം ഓഫർ ചെയ്യപ്പെട്ട ഉപകരണങ്ങൾ ലഭ്യമായില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് എന്ന പ്രോജക്ടിൽ ടെണ്ടർ പ്രകാരം കുറഞ്ഞ തുക ക്വോട്ട് ചെയ്ത കോട്ടയം ഓക്സിജൻ ഡിജിറ്റൽ ഷോപ്പിനെ തെരഞ്ഞെടുക്കുകയും ലെനോവ ലാപ്പ് ടോപ്പ് ഒന്നിന് 22,154 രൂപ നിരക്കിൽ വാങ്ങി 20 വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്തു. ഓക്സിജൻ ഡിജിറ്റൽ ഷോപ്പിന്റെ 8.2.16 ലെ ടെണ്ടർ പ്രകാരം ലെനോവ ലാപ്പ്ടോപ്പിനൊപ്പം ഹെഡ് സെറ്റ്, മൗസ് എന്നിവ സൗജന്യമായി ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഓഡിറ്റിന്റെ അന്വേഷണത്തിൽ (രണ്ട് ഗുണഭോക്താക്കളോട് ഫോണിൽ സംസാരിച്ചു.) ഹെഡ് സെറ്റ്, മൗസ് എന്നിവ ലാപ്പ് ടോപ്പിനൊപ്പം ലഭിച്ചിട്ടില്ലയെന്നറിയിച്ചു. ടി ഉപകരണങ്ങൾ ഓക്സിജൻ ഡിജിറ്റൽ ഷോപ്പിൽ നിന്നും ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് കൈമാറുന്നത് വരെ ചെലവഴിച്ച മുഴുവൻ തുകയും (₹443080/ഡി.ഡി നം-059388/23.3.16)തടസ്സപ്പെടുത്തുന്നു. അനുബന്ധ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-10 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കൺസൾട്ടൻസിയെ നിയമിച്ചില്ല- വാങ്ങലുകളിലെ അപാകതകൾ

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി ഓഡിറ്റ് വർഷം തനത് ഫണ്ട് ചെലവഴിച്ച് നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റം, ഡിസ്പ്ലേ ബോർഡ്. എൽ.ഇ.ഡി പ്രൊജക്ടർ, ഫ്ലാറ്റ് ബെഡ് സ്കാനർ, ഡിജിറ്റൽ പോഡിയം എന്നിവയതിലുൾപ്പെടുന്നു. സി.സി. ടിവി, ജനറേറ്റർ തുടങ്ങിയവയും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

എന്നാൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കൺസൾട്ടൻസിയെ നിയമിച്ചിട്ടില്ല. ആരാണ് ഉപകരണങ്ങൾ വാങ്ങുന്നതിന് വിദഗ്ദോപദേശം നൽകിയതെന്ന് വ്യക്തമല്ല. ആവശ്യകത നിർണ്ണയം നടത്തിയില്ല. ഫ്രണ്ട് ഓഫീസിൽ നിലവിൽ ടി.വി.യുള്ളപ്പോൾ മറ്റൊന്ന് വാങ്ങുന്നതിനിടയായി. വാങ്ങലുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

### 3-10-1 പ്രോജക്ട് നം- 254/16 ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം, സിസി ടിവി സ്ഥാപിക്കൽ

പ്രോജക്ട് പ്രകാരം സിസി ടി.വി. സ്ഥാപിക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാതെ എപ്രകാരമാണ് ക്യമറകളുടെ എണ്ണം, സർവൈലൻസ് മോണിട്ടറുകളുടെ എണ്ണം എന്നിവ തീരുമാനിച്ചതെന്ന് വ്യക്തമല്ല. സിസി ടി.വി.യ്ക്ക് വേണ്ടിവന്ന കേബിളിംഗ് അളന്ന് തിട്ടപ്പെടുത്തിയതായി രേഖപ്പെടുത്തലുകളില്ല. നൈറ്റ് വിഷൻ മോഡിൽ പ്രവർത്തിപ്പിക്കാവുന്ന ക്യാമറകൾ പ്രത്യേക യു.പി.എസ്.ന്റെ അഭാവത്തിൽ രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ടോക്കൺ സംവിധാനം തിരക്കുള്ള ദിവസങ്ങളിൽ പോലും പ്രവർത്തിപ്പിക്കുന്നില്ല.

### 3-10-2 പ്രോജക്ട് അധികരിച്ച് തുക ചെലവഴിച്ചു

കാനൺ ഡോക്യുമെന്റ് സ്കാനർ (DR-C130 L) പ്രോജക്ട് നം- 23/16 പ്രകാരം വാങ്ങിയിട്ടുണ്ട് (രൂപ-44500, യൂണികോം ഇൻഫോടെൽ,കൊച്ചി/ചെക്ക് നം-19754/30.11.15). ടി ഉപകരണത്തിന്റെ പ്രധാന യൂണിറ്റ് ഒരു ഹൈ-സ്പീഡ് A4 ഡോക്യുമെന്റ് സ്കാനറും ഫ്ലാറ്റ് ബെഡ് യൂണിറ്റ് ലീഗൽ പേപ്പർസൈസ്സ് സ്കാനറും ആണ്. പഞ്ചായത്തിലെ ഉപയോഗത്തിന് ലീഗൽ പേപ്പർ സ്കാനർ അനുയോജ്യമല്ല. 35,000 രൂപക്കുള്ള രണ്ട് സ്കാനറുകൾ വാങ്ങുവാനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഒരു സ്കാനറും അതിന്റെ അനുബന്ധ ഉപകരണവും മാത്രമാണ് വാങ്ങിയത്. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് 9,500 രൂപ അധികമായി ചെലവഴിച്ചു. (44,500-35,000)കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഓക്സിജൻ ഡിജിറ്റൽ ഷോപ്പ്, കോട്ടയം (തുക 40,700)എന്ന സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. പ്രോജക്ട് അടങ്കൽ അധികരിച്ച് ചെലവഴിച്ച 9,500 രൂപ തടസ്സപ്പെടുത്തുന്നു.

### 3-10-3 എൽ.ഇ.ഡി പ്രൊജക്ടർ- വൈറ്റ് ബോർഡ്/സ്ക്രീൻ വാങ്ങിയില്ല ഉപയോഗരഹിതം

പ്രോജക്ട് നം-23/16 പ്രകാരം 31,750 രൂപ ചെലവഴിച്ച് എൽ.ഇ.ഡി പ്രൊജക്ടർ വാങ്ങിയിട്ടുണ്ട്.(ആവലോൺ സിസ്റ്റംസ്, ചെക്ക് നം.19748 തീയതി 28.11.15) എന്നാൽ പ്രൊജക്ടറിന്റെ പ്രവർത്തനത്തിനാവശ്യമായ സ്ക്രീനോ വൈറ്റ് ബോർഡോ വാങ്ങിയില്ല. നിലവിൽ ടി ഉപകരണം പ്രവർത്തിപ്പിക്കുന്നില്ല. സ്ക്രീനോ വൈറ്റ് ബോർഡോ വാങ്ങി ടി ഉപകരണം പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 3-10-4 ഡിജിറ്റൽ പോഡിയം- പ്രോജക്ടിൽ അധികരിച്ച് തുക ചെലവഴിച്ചു

പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം വാങ്ങുന്നതിന് പ്രോജക്ട് പ്രകാരം 34,000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ ടി പ്രോജക്ടിന്റെ പേരിൽ വാങ്ങിയ ഡിജിറ്റൽ പോഡിയത്തിന് പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് 38,000 രൂപ ചെലവഴിച്ചു. (ചെക്ക് നം.19747/28.11.15)ഓപ്പൺ ടെണ്ടറിൽ റാപ്റ്റർ എന്ന കമ്പനിയുടെ ഡിജിറ്റൽ പോഡിയം 28,900 രൂപക്ക് ലഭ്യമാക്കുന്നതിന് ആവലോൺ സിസ്റ്റംസ് കോട്ടയം ടെണ്ടർ സമർപ്പിച്ചിരുന്നുവെങ്കിലും ടി കമ്പനി തന്നെ സമർപ്പിച്ച അഹുജ എന്ന കമ്പനിയുടെ ഡിജിറ്റൽ പോഡിയം വാങ്ങുന്നതിന് തീരുമാനിക്കുകയായിരുന്നു. അംഗീകാരം ലഭിച്ച പ്രോജക്ടിൽ അധികരിച്ച് 4,000 രൂപ ചെലവഴിച്ചു. 4,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ആശ്രയ-ചികിത്സ സഹായമിനത്തിൽ ലഭിച്ച 40,000 രൂപ ചെലവഴിച്ചിട്ടില്ല

311200201 എന്ന ലയബിലിറ്റി ഹെഡ്ഡിൽ അവശേഷിക്കുന്ന 40,000 രൂപ ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ചികിത്സ സഹായമിനത്തിൽ പഞ്ചായത്തിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്നും 7.11.12ൽ ലഭിച്ചിട്ടുള്ളതാണ്. സമൂഹത്തിലെ അതീവ ദുർബല വിഭാഗങ്ങൾക്കുള്ള സർക്കാർ സഹായം ചെലവഴിക്കാതെ അവശേഷിപ്പിക്കുന്നത് ശരിയായ നടപടിയല്ല. ടി തുക ചെലവഴിക്കുന്നതിന് കുടുംബശ്രീയെയൊ അല്ലാത്തപക്ഷം മെഡിക്കൽ ഓഫീസറെ(പി.എച്ച്.സി) യോ ഏൽപ്പിക്കേണ്ടതാണ്.

## 3-12 അനർഹർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കി

പ്രൊജക്ട് നമ്പർ : 229/2015-16

പ്രൊജക്ടിന്റെ പേര്: ഭവന പുനരുദ്ധാരണം സ്ത്രീ കുടുംബനാഥയായിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ.

അടങ്കൽ തുക: 2,00,000

ചിലവ് : 59,000

കുടുംബ നാഥയായിട്ടുള്ള സ്ത്രീകൾക്ക് ഭവന പുനരുദ്ധാരണത്തിനായി ധന സഹായം നൽകുക എന്ന ലക്ഷ്യത്തിൽ ആവിഷ്കരിച്ച മേൽ പ്രൊജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

19.08.2015 തീയതിയിലെ ബില്ല് നം.2/15-16 പ്രകാരം പിൻവലിച്ച 50,000 രൂപയിൽ 25,000 രൂപ ശ്രീമതി ലിസി റെജി, തകിടിയേൽ എന്നയാളുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.67078124543 എസ്.ബി.ടി ചിങ്ങവനം) 20.08.15 തിയതിയിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന റേഷൻ കാർഡ് പ്രകാരം (നം. 1523143858) ഭർത്താവായ റെജി ജോൺ ആണ് ഗൃഹനാഥൻ. അതുപോലെ ഈ പ്രൊജക്ടിന്റെ മറ്റൊരു ഗുണഭോക്താവായ ശ്രീമതി അമ്മുക്കുട്ടി വി.എസ്.ന്റെ അക്കൗണ്ടിലേക്ക് ഈ പ്രൊജക്ടിന്റെ ഭാഗമായി 20/08/15 തിയതിയിൽ 25,000 രൂപയും നിക്ഷേപിച്ചിട്ടുണ്ട്. (അക്കൗണ്ട് നം.023200160000243, കോർപ്പറേഷൻ ബാങ്ക് കൊല്ലാട്). എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന റേഷൻ കാർഡ് പ്രകാരം (നം.1523143858) ഭർത്താവായ എം.കെ.ഗോപാലൻ ആണ് ഗൃഹനാഥനായി കാണുന്നത്.

പ്രൊജക്ടിന്റെ ഭാഗമായി 50,000 രൂപ അനർഹർക്കായി ചിലവഴിച്ചതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 15 തീയതി 31.12.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ തുക (50,000 രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഇ.എം.എസ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

ഇ.എം.എസ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ഗഡുക്കൾ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ഗഡുക്കൾ | ചെക്ക് നം. |
|---|---|---|---|
| 1 | രാജേഷ് തോപ്പിൽ കല്ലുകടവിൽ പനച്ചിക്കാട് | 22500 | 468 തീയതി 7.12.10 |
| | | 30000 | 1334 തീയതി 11.4.11 |
| 2 | ഭാസ്കരൻ മൂലശ്ശേരി | 22500 | 1349 തീയതി 23.05.2011 |
| 3 | കുഞ്ഞമ്മ തമ്പി | 22500 | 435 തീയതി 22.9.10 |

| | | | |
|---|---|---|---|
| | ആട്ടിൻകൂട്ടിൽ കുഴിമറ്റം | 30000 | 485 തീയതി 17.1.11 |

ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-14 വിൻഡോ പരസ്യം - പരസ്യത്തിന്റെ വലുപ്പം നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പാലിച്ചില്ല

ദർഘാസ് പരസ്യങ്ങൾ പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കാതെ അടിസ്ഥാനവിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് അവയുടെ പൂർണരൂപം പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും ലഭ്യമാക്കിയാൽ മതിയെന്ന് പൊതുഭരണ(ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ ജി.ഒ.(പി) 01/04/ഐ&പി.ആർ./1.1.04 മുഖാന്തിരം നിർദേശിച്ചിരുന്നു. ടി ഉത്തരവിൽ വിൻഡോ ദർഘാസ് പരസ്യങ്ങൾ 3സെ.മീ. x 2കോളം (8 സെന്റീമീറ്റർ) വലിപ്പത്തിലായിരിക്കണം എന്നും നിർദ്ദേശിച്ചിരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് നിരവധി പത്രപരസ്യങ്ങൾ നൽകിയിരുന്നു. പരസ്യങ്ങളുടെ ഉള്ളടക്കം നിർദിഷ്ട വിൻഡോ മാതൃകയിലായിരുന്നുവെങ്കിലും സർക്കാർ ഉത്തരവിൽ നിർദേശിച്ചിരുന്ന വലിപ്പത്തിൽ(3സെ.മീ. x 2കോളം) അല്ല പരസ്യം പ്രസിദ്ധീകരിച്ചത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പത്രത്തിന്റെ പേര് | വലുപ്പം | സർക്കാർ നിർദ്ദേശിച്ചിരുന്ന വലുപ്പം | കൊടുത്ത തുക | സർക്കാർ നിർദ്ദേശപ്രകാരം കൊടുക്കേണ്ട തുക | കൂടുതലായി നല്കിയ തുക | വൗച്ചർ നം./ തീയതി |
|---|---|---|---|---|---|---|
| ദേശാഭിമാനി | 8x6= 48 സെ.മീ | 8x3= 24 സെ.മീ | 6240 (@ 130) | 3120 | 3120 | വൗച്ചർ നം. 51501290/ 20.3.16 |
| ദേശാഭിമാനി | 8x5= 40 സെ.മീ | 8x3= 24 സെ.മീ | 5200 (@ 130) | 3120 | 2080 | |
| ദേശാഭിമാനി | 8x5= 40സെ.മീ | 8x3= 24 സെ.മീ | 5200 (@ 130) | 3120 | 2080 | |
| മാതൃഭൂമി | 8*4= 32 സെ.മീ | 8x3= 24 സെ.മീ | 6400 (@ 200) | 5120 | 3120 | വൗച്ചർ നം. 60679740 dtd 19.8.15 |
| മാതൃഭൂമി | 8*5= 40 സെ.മീ | 8x3= 24 സെ.മീ | 6400 (@ 200) | 3840 | 2560 | വൗച്ചർ നം. 60704924 dtd 18.9.15 |
| മാതൃഭൂമി | 8*4= 32 സെ.മീ | 8x3= 24 സെ.മീ | 5120 (@ 160) | 3840 | 1280 | വൗച്ചർ നം. 60693302 dtd 10.9.15 |

| | | | | | | |
|---|---|---|---|---|---|---|
| മാതൃഭൂമി | 3.9*7= 27.3 സെ.മീ | 8x3= 24 സെ.മീ | 4368 (@ 160) | 3840 | 528 | വൗച്ചർ നം. 21500368/ 5.8.15 |
| മാതൃഭൂമി | 3.9*7= 27.3 സെ.മീ | 8x3= 24 സെ.മീ | 4368 (@ 160) | 3840 | 528 | വൗച്ചർ നം. 21500372/ 6.8.16 |
| മലയാള മനോരമ | 8*4=32സെ.മീ | 8x3= 24 സെ.മീ | 5120 (@ 160) | 3840 | 1280 | വൗച്ചർ നം. 215482062/ 6.8.15 |

മേല്പറഞ്ഞ പ്രകാരം പരസ്യം നല്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ വിഷയത്തിന്മേൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ വരും വർഷങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പരസ്യങ്ങൾ നല്കവാൻ അധികൃതർ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-15 കോസ്റ്റ് ഇൻഡക്സ് അധികം നല്കി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

നിർവ്വഹണം- അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി

പ്രവൃത്തിയുടെ പേര്:- വെള്ളുത്തുരുത്തി ഗവ: എൽ.പി.എസ് വാട്ടർ സപ്ലൈ

അടങ്കൽ തുക & വേല മൂല്യം 2130000

കോൺട്രാക്ടർക്ക് നൽകിയത് -216902

കോൺട്രാക്ടറുടെ പേര് - ജോബി ജോർജ്ജ്

കരാർ നം.- 86/AE/LSGD/Pchkd/9.11.15

M.Book No. 34/15-16

പ്രോജക്ട് നം. -139/16

വെള്ളുത്തുരുത്തി ഗവ: എൽ.പി.എസിന് കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി ഡി.സി. അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതിയാണിത്. ടി പദ്ധതിയ്ക്കായി 230000 രൂപ ചെലവഴിയ്ക്കുകയുണ്ടായി. 2014 DSR പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് 438/AEE/LSGD/PLM/PKD/15-16 തീയതി.22.7.15 ആയി സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതാണ്. 31.7.15 വരെ സാങ്കേതികാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികൾക്ക് കോസ്റ്റ് ഇൻഡക്സ് 4095 ആണ് പരിഗണിയ്ക്കേണ്ടിയിരുന്നത്. എന്നാൽ ടി പ്രവൃത്തിയ്ക്ക് 4667 ആണ് കോസ്റ്റ് ഇൻഡക്സ് ആയി നല്കിയിട്ടുള്ളത്. ആകയാൽ താഴെ പ്രതിപാദിയ്ക്കും പ്രകാരം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | വിവരണം | അടിസ്ഥാന നിരക്ക് | 4095 C.I പ്രകാരം നല്കാവുന്ന നിരക്ക് | 4667 C.I പ്രകാരം നല്കിയ നിരക്ക് | നഷ്ടം |
|---|---|---|---|---|---|
| 1 | 2.8.1 Excavating Trench | 99.24 m3 | 380.42 | 395.86 | 15.44/m3 = 1532 |

| | | | | | |
|---|---|---|---|---|---|
| | (2.25) | | | | |
| 2 | Excavating Trench (2.9.1&2.25) | 32.4 m3 | 542.66 | 564.69 | 22.03/m3 = 714 |
| 3 | Excavating Trench (2.1&2.25 & 114) | 9.72 m3 | 932.82 | 970.68 | 37.86/m3 = 368 |
| 4 | Fencing 114 | 100 m | 27.35 | 28.46 | 1.11/m = 111 |
| 5 | Supplying water tank | 2000 Litre | 9.82 | 10.22 | 0.40 = 800/- |
| | | | | ആകെ | 3525 |

31.12.16 ൽ 16ാം നമ്പരായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 3,525 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കേണ്ടതാണ്.

## 3-16 കാലി ബാരലുകളുടെ തുക ഈടാക്കിയില്ല-തുക തിരികെയീടാക്കേണ്ടതാണ്

സി.പി.ഡബ്ലിയു.ഡി സ്പെസിഫിക്കേഷൻസ് 2009 വോള്യം 2 - 16.4.2 പ്രകാരം ബിറ്റുമിൻ കണ്ടെയിനറുകൾ കരാറുകാരന്റെയും സൈറ്റ് എഞ്ചിനീയറുടെ സഹായിയുടെയും സംയുക്ത സംരക്ഷണയിൽ സൂക്ഷിക്കുന്നതിനും, കാലിബാരലുകൾ കേടുകൂടാതെ സൈറ്റ് എഞ്ചിനീയർക്ക് കൈമാറുന്നതിനും വ്യവസ്ഥയുണ്ട്. കൈമാറാത്തതും കേടുപാടുകൾ ഉള്ളതുമായ ബാരലുകളുടെ വില ഈടാക്കാൻ സൈറ്റ് എഞ്ചിനീയർക്ക് ചുമതലയുണ്ട്. എന്നാൽ 2015-16 വർഷം നിർവ്വഹണം നടത്തിയ പഞ്ചായത്തിലെ വിവിധ റോഡ് ടാറിംഗ്, റീ ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലി ബാരലിന്റെ വില ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | കോൺട്രാക്ടറുടെ പേര് | ഡി.ഡി.നം., തീ | ടാർ ഉപയോഗം (കി.ഗ്രാം) | ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന വില, നികുതി(രൂപ) @248+14% |
|---|---|---|---|---|---|---|
| 1 | 92/16 പാറപ്പുറം കുട്ട് -പറമ്പ് റോഡ് ടാറിംഗ് | പി.പി.സ്കറിയ | 59781/29.3.16 | 729.73 | 5 | 1415 |
| 2 | 74/16 കെ.എസ്.ഇ.ബി പൂവൻതുരുത്ത്-എസ്.എൻ.ഡി.പി മെയിന്റനൻസ് | പി.ജെ. ജോസഫ് | 59064/18.03.16 | 1851.48 | 12 | 3396 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 93/16 നാട്ടുവ-പോളച്ചിറ ചിങ്ങവനം റോഡ് -റീ ടാറിംഗ് | പി.പി.സ്കറിയ | 60515/5.4.16 | 1114.19 | 8 | 2264 |
| 4 | 126/16 കണ്ണങ്കുളം പൗർണ്ണനി കവല റോഡ് മെയിന്റനൻസ് | അനിത കുമാരി | 57193/20.1.16 | 1856.16 | 12 | 3396 |
| 5 | 97/16 മുല്ലശ്ശേരി വെട്ടുകുന്ന് റോഡ് -റീ ടാറിംഗ് | അരുൺകുമാർ | 57195/20.1.16 | 1851.95 | 12 | 3396 |
| 6 | 29/16 കുന്നംപള്ളി വടവര താഴെ റോഡ് മെയിന്റനൻസ് | അരുൺകുമാർ | 57184/20.1.16 | 1014.39 | 7 | 1981 |
| 7 | 123/16 ശാന്തിക്കവല-കുമ്മണ്ണൂർ റോഡ് മെയിന്റനൻസ് | അനിതകുമാരി | 57145/1.1.16 | 735.525 | 5 | 1415 |
| 8 | 206/16കൊല്ലം കവല തൃക്കോവിൽ റോഡ് മെയിന്റനൻസ് | അരുൺകുമാർ | 57538/1.2.16 | 1408.08 | 9 | 2547 |
| 9 | 71/16 കാട്ടം പാക്ക ഗവ എൽ.പി.എസ് റോഡ് ടാറിംഗ് | ജോസഫ് കുരുവിള | 57535/1.2.16 | 1456.625 | 10 | 2830 |
| 10 | 63/16 റീനസ് ക്ലബ് നടക്കാവുങ്കൽ റോഡ് ടാറിംഗ് | പ്രതീഷ് പ്രകാശ് | 237099/21.12.2015 | 1211.37 | 8 | 2264 |
| 11 | 62/16 പന്നിമറ്റം എൽ.പി.എസ്-റോഡ് റീ ടാറിംഗ് | പ്രതീഷ് പ്രകാശ് | 237095/21.12.2015 | 1563.8 | 10 | 2830 |
| 12 | 112/16 കൊല്ലം കവല തൃക്കോവിൽ റോഡ് ടാറിംഗ് | അരുൺ കുമാർ | 57542/1.2.16 | 681.86 | 5 | 1415 |
| 13 | 78/16 ചൂലക്കവല-ഹരിജൻ കോളനി റോഡ് റീ ടാറിംഗ് | ജോസഫ് കുരുവിള | 237089/21.12.15 | 432.92 | 3 | 849 |

| | | | | | | |
|---|---|---|---|---|---|---|
| 14 | 219/16 കമ്പിപടി-നടക്കാവുങ്കൽ റോഡ്-റീടാറിംഗ് | അനിതകുമാരി | 58180/23.12.15 | 770.89 | 5 | 1415 |
| 15 | 91/16 മീൻ ചിറ-നീലംചിറ റോഡ് -സെക്കന്റ് മെറ്റലിംഗ്& ടാറിംഗ് | കെ.ജി. അനിരുദ്ധൻ | 58785/15.1.16 | 1869.57 | 12 | 3396 |
| ആകെ ₹ 34809 | | | | | | |

തുക(₹34809) ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-17 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃ സമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്. ഓഡിറ്റ് വർഷം പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ 130 മരാമത്ത് പ്രവൃത്തികളിൽ 48 പ്രവൃത്തികൾ ഒഴികെ ബാക്കിയെല്ലാ പ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികളിൽ പൊതുമരാമത്ത് നടത്തിപ്പ് ചട്ടങ്ങളോ ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളോ പാലിക്കപ്പെടുന്നില്ലായെന്ന് വ്യക്തമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/ തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഗുണഭോക്തൃസമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല.

മിക്ക പ്രവൃത്തികളുടെയും കൺവീനർ കണക്കുകൾ ഹാജരാക്കിയിട്ടില്ല. കൺവീനർമാർ കണക്കുകൾ ഹാജരാക്കിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിലാകട്ടെ ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും വിശ്വസനീയവും സത്യസന്ധവുമല്ല. മാത്രവുമല്ല ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ഒന്നും തന്നെ കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലൂടെയല്ല നടത്തിയിരിക്കുന്നത്. കൺവീനർമാർ ആരുംതന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്. ലഭ്യമാക്കിയിട്ടുള്ള കണക്കുകളിൽ പ്രവർത്തിയുടെ ചെലവ് തുക എപ്രകാരം കണ്ടെത്തിയെന്ന് വ്യക്തമല്ല. ഓഡിറ്റ് വർഷം ഗുണഭോക്തൃസമിതികളുടെ ചെലവ് കണക്കുകളും, പണികൾ നടത്തിയതിന്റെ മസ്റ്റർ റോളുകളും ഇല്ലാതെ എം.ബുക്കിലെ രേഖപ്പെടുത്തലുകൾ മാത്രം അടിസ്ഥാനമാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള പ്രവൃത്തിയുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

പ്രോ.നം-271/16: 117-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്.

കൺവീനർ പ്രവൃത്തികളുടെ മറവിൽ കരാറുകാർ പ്രവൃത്തി നടത്തുകവഴി ഗണ്യമായ നഷ്ടമാണ് പൊതു ഖജനാവിന് ഉണ്ടാകുന്നത്. താരതമ്യേന കരാറുകാർക്ക് ലാഭകരമായ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ഓഡിറ്റ് വർഷം ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ലക്ഷകണക്കിന് രൂപ ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലഭിക്കുമായിരുന്നു.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ രാജ് ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഈ ഉദ്ദേശ്യങ്ങളെ ചോദ്യം ചെയ്യപ്പെടുന്ന തരത്തിലാണ് ഗ്രാമപഞ്ചായത്തിൽ ബിനാമി ഇടപാട് വ്യാപകമായിരിക്കുന്നത്. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ ചട്ട ലംഘനങ്ങളും, ബിനാമി ഇടപാടുകളും ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും വിലപ്പെട്ട പദ്ധതി പണം സദ് ഉദ്ദേശപരമായി ഉപയോഗിക്കുന്നതിനും ഭരണ വകുപ്പ് തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

2015-16 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നം./പേര് | ചെലവ് | (ഡി.ഡി. നം./തീയതി) | ഡി.ഡി. ആർക്ക് കൊടുത്തു | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | എസ്.ഒ. 12/15-16 കന്നുകുട്ടിപരിപാലനം | പ്ലാൻ ഫണ്ട്-312500 | 237310/28.12.15 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം | വെറ്ററിനറി സർജൻ |
| 2 | എസ്.ഒ. 12/15-16 | തനത്ഫണ്ട് 200000 | 1858939/8.10.15 | സെക്രട്ടറി, | വെറ്ററിനറി സർജൻ |

| | | | | | |
|---|---|---|---|---|---|
| | തെരുവു നായ വന്ധ്യംകരണം | | | ജില്ലാ പഞ്ചായത്ത്, കോട്ടയം | |
| 3 | ഐഎവൈ വിഹിതം(എസ്.സി.പി) (142/16) | 500000 | 237702/5.2.16 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പള്ളം | അസിസ്റ്റന്റ് സെക്രട്ടറി, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് |
| 4 | ഐഎവൈ വിഹിതം (പൊതുവിഭാഗം) | 1100000 | 10,60,000/- 237377/23.12.15 + 40,000/- 059814/30.3.16 | സെക്രട്ടറി,പള്ളം ബ്ലോക്ക് പഞ്ചായത്ത് | വി.ഇ.ഒ.പനച്ചിക്കാട് |
| | ആകെ | 21,12,500/- രൂപ | | | |

മേല്പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരേക്കും 21,12,500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 244 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത് വഴി 28120 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം 39.09 ആണ്. 42 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു. എന്നാൽ 2015-16 വർഷം ആകെ ചെലവിന്റെ 5.8 ശതമാനം മാത്രമെ ഭരണചെലവുകൾക്കായി വിനിയോഗിക്കാവൂ എന്ന നിബന്ധന പാലിക്കപ്പെട്ടില്ല.

## 3-20 ആശ്രയ

പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം 2013ൽ ആരംഭിച്ചു. രണ്ടാം ഘട്ട പദ്ധതിക്കായി ചലഞ്ച് ഫണ്ടിനത്തിൽ 5,68,000 രൂപയും പ്ലാൻ ഫണ്ടിനത്തിൽ 8,50,000 രൂപയും ലഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 103 ഗുണഭോക്താളാണ് ഉൾപ്പെടുന്നത്. ഇതിൽ വീട് വക്കുന്നതിന് സ്ഥലം ആവശ്യമുള്ള 6 പേരും വീട് ആവശ്യമുള്ള 12 പേരും ഉൾപ്പെടുന്നു.

## 3-21 ജലനിധി

ജനകീയ പങ്കാളിത്തത്തോടെ ഗ്രാമീണ ശുദ്ധജല വിതരണം ശാക്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയാണ് ജലനിധി. ഈ പദ്ധതിയിൽ വിവിധ ഘട്ടങ്ങളായി ഗുണഭോക്താക്കളെ കണ്ടെത്തുകയും അതത് പ്രദേശത്തിന്റെയും വാർഡുകളുടെയും അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയും ചെയ്യുന്നു. ഈ ചെറുകിട ജല വിതരണ പദ്ധതിയുടെ ചിലവിന്റെ 75% കേരള സർക്കാരും 15% ഗ്രാമ പഞ്ചായത്തും 10% ഗുണഭോക്താവും വഹിക്കുന്നു.

പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിൽ 29 ഗുണഭോക്തൃ സമിതികളിലായി 2625 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ ജലനിധി പദ്ധതിയിൽ മഴവെള്ള സംഭരണി ജല സ്രോതസ്സായി ഉപയോഗിക്കുന്ന ഒരു ഗുണഭോക്തൃ സമിതിയും (21 അംഗങ്ങൾ) ഭൂഗർഭ ജലം സ്രോതസ്സായി ഉപയോഗിക്കുന്ന ഒരു ഗുണഭോക്തൃ സമിതിയും (38 അംഗങ്ങൾ) ഉൾപ്പെടുന്നു.

ഓഡിറ്റ് വർഷം 34,05,144/-രൂപ പദ്ധതിയ്ക്കായി നൽകിയിട്ടുണ്ട്. ഇതിൽ 18,61,075/- രൂപ പഞ്ചായത്ത് വിഹിതമാണ്. 36,70,815/- രൂപ ജലനിധി അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. ഓഡിറ്റ് തീയതി വരെ ആകെ 7,81,30,900 /- രൂപ ചെലവഴിച്ച് നടപ്പിലാക്കിയ 29 പദ്ധതികളിൽ 27 എണ്ണം പൂർത്തിയായിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷം വിവിധ ഗുണഭോക്തൃ സമിതികൾക്ക് കൊടുത്ത തുകയും അവയുടെ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകയും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്തൃ സമിതി | കൊടുത്ത തുക | ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 1 | ആക്കുളം | 15,29,715 | 2,399 |
| 2 | അംബിക | 16,01,470 | 45,969 |
| 3 | ചാന്നാനിക്കാട് | 15,73,647 | 1,45,883 |
| 4 | ചാന്നാനിക്കാട് കിഴക്കുംഭാഗം | 8,89,283 | 53,313 |
| 5 | ചാന്നാനിക്കാട് കിഴക്കും ജലധാര | 1,27,735 | 4,373 |
| 6 | ചോഴിയക്കാട് നീരുറവ | 9,68,968 | 1,01,017 |
| 7 | ദക്ഷിണ മൂകാംബിക | 13,01,865 | 1,09,267 |
| 8 | കടുവാകുളം | 11,66,032 | 7,420 |
| 9 | കണിയമല | - | 17,788 |
| 10 | കൊല്ലാട് | 11,45,564 | 47,663 |
| 11 | കുഴിമറ്റം വടക്കുംഭാഗം | 10,94,654 | 4,848 |
| 12 | മലമേൽക്കാവ് | 10,91,640 | 619 |
| 13 | മാളികക്കടവ് | 12,79,610 | 83,742 |
| 14 | മൗണ്ട് വാലി | 9,59,306 | 1,919 |
| 15 | നാൽക്കവല | 3,27,683 | 1,651 |
| 16 | നവധാര | 13,44,606 | 4,03,445 |
| 17 | നെല്ലിക്കൽ | 13,55,990 | 9,765 |

| | | | |
|---|---|---|---|
| 18 | പച്ചിര സമൃദ്ധി | 6,95,016 | 2,21,802 |
| 19 | പനച്ചിക്കാട് കൈരളി | 13,16,137 | 26,090 |
| 20 | പാറക്കുളം പടിയറ | 23,09,273 | 1,28,516 |
| 21 | പാറപ്പുറം | 15,13,917 | 3,54,663 |
| 22 | പരുത്തുപ്പാറ | 10,26,415 | 30,430 |
| 23 | പ്ളാമൂട് | 4,98,683 | 58,405 |
| 24 | പൂവൻ തുരുത്ത് | 12,83,895 | 42,845 |
| 25 | പുന്നക്കൽ | 5,79,069 | 8,647 |
| 26 | തൊപ്പിക്കുളം | 8,15,074 | 8,972.50 |
| 27 | വെള്ളിമാൻ കുന്ന് | 6,69,113 | 6,317 |
| 28 | വെള്ളുത്തുരുത്തി | 10,48,967 | 89,589 |
| 29 | വിളക്കാംകുന്ന് | 20,06,668 | 50,918 |
| | ആകെ | 3,15,19,995 | 20,68,275 |
| | ജലനിധി ബാങ്ക്അക്കൗണ്ടിലെ നീക്കിയിരുപ്പ് | | 36,70,815 |
| | ആകെ നീക്കിയിരുപ്പ് | | 57,39,090.50 |

ഗുണഭോക്തൃ സമിതികളുടെ ബാങ്ക് അക്കൗണ്ട്, പഞ്ചായത്തിന്റെ ജലനിധി ബാങ്ക് അക്കൗണ്ട് എന്നിവയിലെ ആകെ നീക്കിയിരുപ്പ് 57,39,090.50 രൂപയാണ്.

## 3-22 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം പഞ്ചായത്ത് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നടത്തുന്നതിന് അനുബന്ധമായി നിരവധി വാങ്ങലുകൾ നടത്തിയിരുന്നു. ഡിജിറ്റൽ പോഡിയം, സിസി ടിവി, എൽ.ഇ.ഡി പ്രൊജക്ടർ, ടോക്കൺ സിസ്റ്റം, ലാർജ് ഫോർമാറ്റ് ഡിസ്പ്ലെ, ജനറേറ്റർ ഹൈസ്പീഡ് സ്കാനർ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഭൗതിക പരിശോധനയിൽ ഉപകരണങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും ഉപകരണങ്ങളുടെ വിശദാംശങ്ങളും വാറന്റി/ഗ്യാരന്റി കാലയളവും ഉൾപ്പെടുത്തിയ ഒരു സ്റ്റോക്ക് രജിസ്റ്റർ (കെഎഫ്സി ആർട്ടിക്കിൾ-150 Form-18) പരിശോധനയ്ക്കായി ഹാജരാക്കിയില്ല. മോഷണം, അപകടം എന്നീ സന്നിഗ്ധ ഘട്ടങ്ങളിൽ പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തുന്നതിനും ഉപകരണങ്ങളുടെ ഗ്യാരന്റി/വാറന്റി എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ അറിയുന്നതിനും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. 2015-16ൽ വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | - ഇല്ല- | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുഴൽക്കിണർനിർമ്മാണം (എസ്.ഒ 273/15-16) | 21501101/27.2.16 | 60000 | 0 | 60,000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ(എസ്.ഒ 217/15-16) | 21501008/ 2.2.16<br>21501027/21.6.2016<br>21500499/22.9.16 | 49922<br>14857<br>19712 | 0 | 49922<br>14857<br>19712 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാ.ധാ.)നം. 995/2010 തീ.24.3.10 | 1,67,43,000 | 5,00,000 | 5,00,000- | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് റിക്കവറിയിൽ 11,811 രൂപ വരവ് വന്നിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,28,71,024 (മുന്നിരിപ്പ് കൂടാതെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,84,72,842 |
| വരവിനങ്ങളിലുള്ള നഷ്ടം | 8,866 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 84,334 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,18,407 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2-4 | 8,116 | | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| 2-3-1(ബി) | 750 | | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| 3-8 | | 46,000 | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| 3-15 | | 3,525 | ശ്രീ.ശരവണേശ്വർ എൽ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | | 34,809 | ശ്രീ.ശരവണേശ്വർ എൽ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 55,977 | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| 3-4 | 44,350 | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| 3-5 | 4,99,000 | ശ്രീ.അഗസ്റ്റിൻ കെ.ജോർജ്ജ്, സെക്രട്ടറി |
| 3-9 | 4,43,080 | ശ്രീ.എം.കെ.ബാബു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10-2 | 9,500 | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| 3-12 | 50,000 | ശ്രീമതി സനമകുമാരി ടി.എസ്., വി.ഇ.ഒ. |

| | | |
|---|---|---|
| 3-18 | 21,12,500 | 1. 3,12,500, ഡോ.ബിന്ദുരാജ്, വെറ്ററിനറി സർജൻ<br>2. 2,00,000, ഡോ.ബിന്ദുരാജ്, വെറ്ററിനറി സർജൻ<br>3. 5,00,000, ശ്രീ.എം.കെ.ബാബു, അസിസ്റ്റന്റ് സെക്രട്ടറി<br>4. 1100000, ശ്രീമതി സനമകുമാരി ടി.എസ്., വി.ഇ.ഒ. |
| 3-10-4 | 4,000 | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| ആകെ | 32,18,407 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വി.മാത്യു, സെക്രട്ടറി | വിരമിച്ചു. | പാറയ്ക്കൽ(H), വെരൂർ പി.ഒ., ചങ്ങനാശ്ശേരി |
| ശ്രീ.ശരവണേശ്വർ എൽ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | ലക്ഷ്മിപുരം, പള്ളം പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98ചെലവ് | എൽ.എഫ്.കെ.പി11/692/അദാ./14 /28.11.14 | 5 | |
| 1997-98 വരവ് | എൽ.എഫ്.കെ.പി 6/771/08/7.8.10 | | |
| 1998-99 (വരവ്) | എൽ.എഫ്.കെ.പി 6/772/07/19.8.10 | | |
| 98-99(ചെലവ്) | എൽ.എഫ്.കെ.പി11/692/അദാ./14 /7.1.15 | 18 | |
| 1999-2000 | എൽ.എഫ്.കെ.പി 6/1292/07/21.1.08 | | |
| 2000-01,01-02(പ്ലാൻ) | എൽ.എഫ്.കെ.പി11/421/10/19.6.12 | | |
| 2000-01 | എൽ.എഫ്.കെ.പി 6/773/08/30.3.10 | | |
| 2001-02 | എൽ.എഫ്.കെ.പി 11/692/14/13.3.15 | 4 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി 11/485/15/2.7.15 | 4 | |

| | | | |
|---|---|---|---|
| 2002-03(വരവ്) | എൽ.എഫ്.കെ.പി 6/774/08/30.3.10 | | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 6/676/07/6.11.07 | | |
| 2003-04 വരവ് | എൽ.എഫ്.കെ.പി 6/422/10/17.8.10 | | |
| 2004-05 | എൽ.എഫ്.കെ.പി 6/820/09/9.8.12 | 6 | |
| 2006-07 | എൽ.എഫ്.കെ.പി 6/974/10/2.6.12 | | |
| 2007-08 | എൽ.എഫ്.കെ.പി11/1384/11/7.11.12 | 18 | |
| 2008-09 | എൽ.എഫ്.കെ.പി11/1389/11/3.11.12 | 15 | |
| 2009-10& 2010-11 | എൽ.എഫ്.കെ.പി11/933/13/9.5.13 | 19 | |
| 2011-12 | എൽ.എഫ്.കെ.പി11/1076/14/8.10.14 | 24 | |
| 2012-13 | എൽ.എഫ്.കെ.പി11/324/15/18.4.15 | 25 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-512/16 /10.5.16 | 8 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11-856/16 /27.6.16 | 30 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി11/6/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:21.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം